# തളിര്


കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

2025 ഒക്ടോബർ
വില ₹25



# ലഹരിക്കെതിരെ

## ലഹരിക്കെതിരെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





വിമുക്തി
ശിവപ്രസാദ് പാലോട്
(നാടകം)
വില ₹80




കുട്ടിയും ചേച്ചിയുടെ കൂട്ടുകാരും
എൽസ
(കഥ)
വില ₹90





നിഴൽവർണ്ണങ്ങൾ
അജി മാത്യു കോളൂത്ര
(നോവൽ)
വില ₹80



ലഹരിക്കെതിരെ പടയൊരുക്കം
ഡോ. ബി പത്മകുമാർ
(വൈജ്ഞാനികം)
വില ₹150



മാമലക്കാട്ടിലെ മിഠായി മരം
ഡോ.അഞ്ജു മരിയ സെബാസ്റ്റ്യൻ
(കഥ)
വില ₹90



നിഴൽ യുദ്ധം
സാഗ ജെയിംസ്
(വൈജ്ഞാനികം)
വില ₹90




അവൻ
സൈജ എസ്
(കഥ)
വില ₹60




ലഹരിയുടെ ശാസ്ത്രം
ഡോ.അരുൺ ബി നായർ
(പഠനം)
വില ₹90




പുനർജനി
പി ഐ മിനി
(നോവൽ)
വില ₹100



കുട്ടിക്കൂട്ടം ഉഷാറാണ്
ഡോ. രതീഷ് കാളിയാടൻ
(വൈജ്ഞാനികം)
വില ₹110

**10 പുതിയ പുസ്തകങ്ങൾക്ക് മുഖവില 940 രൂപ ഒരുമിച്ചു വാങ്ങുമ്പോൾ 500 രൂപയ്ക്ക് സ്വന്തമാക്കാം.**

~~₹940~~
**₹500/- ONLY**
**SPECIAL OFFER**

## പുസ്തകം സ്വന്തമാക്കാൻ

**website : www.ksicl.org**


കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,
ഫോൺ 0471-233 3790, e-mail : director@ksicl.org


താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.

MOB: 8547971483, ACCOUNT NUMBER : 67178297569.
NAME: DIRECTOR KSICL, IFSC : SBIN0000941

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

# തളിര്

October 2025 Vol:32, Issue:10


ഉള്ളടക്കം



## മഹാത്മാഗാന്ധി ബാല്യകാലം 06

**ഡോ. വി വി കുഞ്ഞികൃഷ്ണൻ**


ബാല്യത്തിൽ സ്വാധീനിച്ചിരുന്ന ജൈനമത തത്വങ്ങളായ അഹിംസ, വെജിറ്റേറിയനിസം, നിരാഹാരവ്രതം വഴി സ്വയം ശുദ്ധീകരണം എന്നിവ ജീവിതമൂല്യങ്ങളായി പരീക്ഷണാടിസ്ഥാനത്തിൽ ഗാന്ധിജി സ്വന്തം ജീവിതത്തിലും പ്രാവർത്തികമാക്കി....



## ഒരു കരിമിണിമാലയിൽനിന്ന് കല്ലുമാല സമരചരിത്രത്തിലേക്ക് 18

**അഗസ്റ്റിൻ കുട്ടനെല്ലൂർ**

''ഈ കറുത്ത മാലയിട്ടുകൊണ്ടാണോ നീ മത്സരിക്കുന്നത് എന്നും നിന്നെപ്പോലെ താഴ്ന്ന ജാതിയിൽപ്പെട്ടവളും ഇതുപോലുള്ള കരി മണിമാല മാത്രം ഇട്ട, നിറമില്ലാത്ത പെൺകുട്ടികൾക്ക് മത്സരിക്കാനുള്ളതല്ല ഇതെന്നും, ഇത് നല്ല കുടുംബത്തിലെ പെൺകുട്ടികൾക്കുള്ള മത്സരമാണ് എന്നൊക്കെ പറഞ്ഞാ... പി ടി മാഷ് ഇവളെ കളിയാക്കിയത്.''




## ഇന്ത്യൻ സിനിമയ്ക്ക് പുതുവഴി: പഥേർ പാഞ്ചാലി 24

**വിനു എ**

എഴുപത് വർഷങ്ങൾക്ക് മുമ്പ് പുറത്തിറങ്ങിയ എക്കാലവും ഓർമിക്കപ്പെടുന്ന പഥേർ പാഞ്ചാലി. ഇന്ത്യൻസിനിമയ്ക്ക് പുതിയ പാത തുറന്നുനൽകിയ സിനിമയാണ്. ഇന്ത്യൻസിനിമയിൽ സമാനതകളില്ലാത്ത പ്രതിഭയായ സത്യജിത് റേയുടെ ആദ്യ സിനിമയായ പഥേർ പാഞ്ചാലി നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.


05 ഒരു ചിത്രം
ഒയോളം നാരായണൻ
09 ഗാന്ധി സ്മൃതി
മുഹമ്മദ് കൊച്ചാലുംമൂട്
10 നികുഞ്ജപക്ഷി അഥവാ ബോവർ ബേർഡ്
പി കെ സുധി
12 കുഞ്ഞിക്കിളിയും മഴത്തുള്ളിക്കുട്ടനും
റീമോൾ ജോജു
14 ഈ ലോകം ചെടികളുടെ ശബ്ദങ്ങളാൽ നിറഞ്ഞിരിക്കുന്നു
കൃഷ്ണ ഗോവിന്ദ്
17 കാററിനെയറിയുന്നു
പ്രതാപൻ അഴീക്കോട്
22 ഒരു തവളക്കഥ
പള്ളിയറ ശ്രീധരൻ
23 എന്റെ വായന
ശ്രീജ ചന്ദ്രോത്ത്
27 പൂവ് പറഞ്ഞത്
മുഹമ്മദ് ബിഷ്റുൽ ഹാഫി
28 മണിച്ചിറക്കാട്ടിലെ മത്സരം
അഷ്റഫ് കുരുവട്ടൂർ
32 ഐക്യരാഷ്ട്ര സഭ നിസ്വാർത്ഥ സേവനത്തിന്റെ 80 വർഷം
അബ്ദുൽസലാം മണ്ണാർക്കാട്
34 മതമില്ലാത്ത സ്നേഹം
സുരേന്ദ്രൻ ശ്രീമൂലനഗരം
36 ഭാഷാപരിചയം
സാബുകോട്ടുക്കൽ
37 കൊതി
അസുരമംഗലം വിജയകുമാർ
38 കുഴിയാനേം കൊമ്പനാനേം ചട്ടമ്പിയുറുമ്പും
പി പി സതീഷ് കുമാർ
40 മഞ്ചാടിക്കുന്ന്
സുരേന്ദ്രൻ കാടങ്കോട്
41 കാഴ്ച
മഞ്ജു പി. എൻ
42 ഇളം തളിര്



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**സഫിയ ഒ സി**

**സാജി എസ് വി**

ഡിസൈൻ , ലേഔട്ട്
**സുജയ് സുധാകരൻ**

കവർ
എൻ ജി **സുരേഷ്കുമാർ പുല്ലങ്ങടി**

പ്രൊഡക്ഷൻ ഓഫീസർ
**വിനോദ് ആർ**

**തളിര്**

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790, 8547971483

e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

www.ksicl.org

# ഓർമയിലെന്നും പ്രിയ ബാപ്പുജി...



വര: ഗോപീകൃഷ്ണൻ



വൈക്കം ബോട്ട് ജെട്ടിയിലും കായലോരത്തും വലിയ തിരക്ക്. എങ്ങും ബഹളം. മറ്റു വിദ്യാർഥികളൊന്നിച്ച് ഞാനും തിക്കിത്തിരക്കി ജനക്കൂട്ടത്തിന്റെ മുന്നിലെത്തി. ബോട്ടിൽ ഗാന്ധിജിയെ ദൂരെ വച്ചേ കണ്ടു. ആ അർദ്ധനഗ്നനായ ഫക്കീർ രണ്ടു പല്ലുപോയ മോണ കാണിച്ചു ചിരിച്ചു തൊഴുകയ്യോടെ കരയ്ക്കിറങ്ങി. വല്ലാത്ത ആരവം. തുറന്ന കാറിൽ അദ്ദേഹം മെല്ലെ കയറിയിരുന്നു. തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തിനിടയിലൂടെ കാർ സത്യഗ്രഹാശ്രമത്തിലേക്കു പതുക്കെ നീങ്ങി. വിദ്യാർഥികളിൽ പലരും കാറിന്റെ സൈഡിൽ തൂങ്ങി നിന്നു. അക്കൂട്ടത്തിൽ ഞാനും.

ആ ബഹളത്തിനിടയ്ക്ക് എനിക്കൊരാഗ്രഹം. ലോകവന്ദ്യനായ ആ മഹാത്മാവിനെ ഒന്നു തൊടണം. ഒന്നു തൊട്ടില്ലെങ്കിൽ ഞാൻ മരിച്ചു പോകുമെന്നെനിക്കു തോന്നി. ലക്ഷോപലക്ഷം ജനങ്ങളുടെ നടുക്ക്... ആരെങ്കിലും കണ്ടാലോ...? എനിക്കു ഭയവും പരിഭ്രമവും ഉണ്ടായി. എല്ലാം മറന്നു ഞാൻ ഗാന്ധിജിയുടെ വലതു തോളിൽ പതുക്കെ ഒന്നു തൊട്ടു. ഗാന്ധിജി എന്നെ നോക്കി മന്ദഹസിച്ചു. അന്നു സന്ധ്യയ്ക്കു വീട്ടിൽ ച്ചെന്ന് അമ്മയോട് അഭിമാനത്തോടെ ഞാൻ പറഞ്ഞു. 'ഉമ്മാ, ഞാൻ ഗാന്ധിയെ തൊട്ടു.'
(വൈക്കം മുഹമ്മദ് ബഷീറിന്റെ 'അമ്മ'എന്ന കഥയിൽനിന്ന്)

ഇതൊരു ചരിത്ര നിമിഷമാണ്. ഒരു നാടിന്റെയും എഴുത്തുകാരന്റെയും. ജാതീയത കൊണ്ട് ഭ്രാന്താലയമായി മാറിയ കേരളം നവോത്ഥാനത്തിന്റെ പുത്തനുണർവ്വ് പ്രസരിപ്പിച്ചു തുടങ്ങിയ കാലത്തെ ഒരു കൊച്ചുബാലൻ സ്പർശിച്ചറിഞ്ഞതെങ്ങനെ എന്ന് ഒരു കഥ പോലെ പറയുകയായിരുന്നു ബഷീർ. 1925ലാണ് ഗാന്ധിജി വൈക്കത്ത് എത്തുന്നത്. ബഷീർ ഗാന്ധിയെ തൊട്ടിട്ട് 100 വർഷം കഴിഞ്ഞിരിക്കുന്നു!

ചരിത്രം പാഠപുസ്തകങ്ങളിൽ പഠിക്കാൻ മാത്രമുള്ളതല്ല. അത് മറവികളെ പ്രതിരോധിക്കാനുള്ള അഹിംസാത്മകമായ ആയുധം കൂടിയാണ്. കഥകളും കവിതകളും വരകളും മൊഴികളുമെല്ലാം നമ്മൾ ജീവിക്കുന്ന കാലത്തെ അടയാളപ്പെടുത്തുന്ന ചരിത്ര രചനകൾ കൂടിയാണ്. ഗാന്ധിജിയുടെ ജന്മദിനം ആഘോഷിക്കുന്ന ഒക്ടോബറിൽ തളിര് പുറത്തിറങ്ങുന്നത് അത്തരമൊരു ഓർമ്മപ്പെടുത്തലോടുകൂടിയാണ്. കുട്ടികളുടെ പ്രിയപ്പെട്ട ബാപ്പുജിയെ കുറിച്ചുള്ള കവിതകളും ജീവചരിത്ര കുറിപ്പുമുൾപ്പെടെ വായനയ്ക്കും ചിന്തയ്ക്കുമുള്ള നിരവധി വിഭവങ്ങളുമായാണ് പ്രിയ കൂട്ടുകാരുടെ കൈകളിൽ തളിര് എത്തുന്നത്. എല്ലാ വായനക്കാർക്കും ഗാന്ധി ജയന്തി ആശംസകൾ.

**പള്ളിയറ ശ്രീധരൻ**
**ഡയറക്ടർ**

# ഒരു ചിത്രം

ഒയോളം നാരായണൻ



വര: എൻ ജി സുരേഷ് കുമാർ പുല്ലങ്ങടി

നേരിൽ കണ്ടി
ട്ടില്ലെന്നാലും
ഉള്ളിൽ തെളിയും
ഒരു ചിത്രം

വട്ടക്കണ്ണട
ചുണ്ടിൽ പുഞ്ചിരി
കയ്യിൽ നീളൻ
വടിയൊന്ന്

മുട്ടു മറയ്ക്കാ
തുള്ളൊരു മുണ്ടും
കാലിൽ പിന്നൊരു
മെതിയടിയും.

അരയ്ക്കു മീതെ
കാണാനില്ല
പേരിനു പോലും
കുപ്പായം!

കണ്ടാലവശത
തോന്നാം, പക്ഷേ
നടത്തമമ്പോ
ബഹു കേമം!

ഉപ്പു കുറുക്കാൻ
വടിയും കുത്തി
പോകണ പോക്ക്
കണ്ടില്ലേ?



# മഹാത്മാഗാന്ധി

## ബാല്യകാലം

ഡോ. വി വി കുഞ്ഞികൃഷ്ണൻ

**വിദ്യാഭ്യാസം എന്നാൽ ഒരു വ്യക്തിയുടെ ശരീരവും മനസ്സും ആത്മാവും പൂർണമായി വികസിപ്പിക്കുന്നതാണ്.**
**-മഹാത്മാഗാന്ധി**



ലോകാരാധ്യനായ മഹാത്മ ഗാന്ധിയെക്കുറിച്ച് വിഖ്യാതനായ ആൽബർട്ട് ഐൻസ്റ്റീൻ രേഖപ്പെടുത്തിയ വാക്കുകൾ നിങ്ങൾ കേട്ടിരിക്കാം. 'വരും തലമുറകൾക്ക് അവിശ്വസനീയമായിരിക്കും രക്തവുംമജ്ജയുമുള്ള ഇതു പോലെ ഒരാൾ ഭൂമിയിൽ ജീവിച്ചിരുന്നുവെന്നത്.' ലോകം മുഴുവൻ ആരാധിച്ചിരുന്ന മഹാത്മാ ഗാന്ധി പിൽക്കാലത്ത് ആർജ്ജിച്ച അസൂയാവഹമായ സ്വഭാവവിശേഷങ്ങളും, സ്വഭാവ ദാർഢ്യവും ജീവിതത്തിൽ നേടിയെടുക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത് സ്വന്തം ബാല്യത്തിൽ അതിജീവിച്ച ചില അനുഭവങ്ങളും സ്വാധീനങ്ങളും തന്നെയായിരുന്നു.

ബാല്യകാല ജീവിതത്തെക്കുറിച്ച് ആത്മകഥയിൽ ഗാന്ധിജി തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ ജനനം 1865 ഒക്ടോബർ 2ന് പോർബന്തറിൽ ആയിരുന്നു. പിതാവ് പോർബന്തറിലെ ദിവാനായിരുന്ന കരംചന്ദ് ഗാന്ധിയും മാതാവ് പുത്‌ലിബായും. കുടുംബത്തിലെ ഇളയമകനായിരുന്നു ഗാന്ധി.

രാജ്കോട്ടിലെ പ്രാദേശിക വിദ്യാലയത്തിൽ ചേർന്ന് ഗണിതം, ചരിത്രം, ജോഗ്രഫി, ഭാഷകൾ എന്നിവയാൽ പ്രാഥമിക വിദ്യാഭ്യാസം നേടി. 'മോണിയ' എന്ന ഓമനപ്പേരിലായിരുന്നു കുടുംബത്തിൽ അറിയപ്പെട്ടത്.

ഗാന്ധിജിയുടെ വ്യക്തിത്വ വികസനത്തിൽ നിർണായക സ്വാധീനം ചെലുത്തിയിരുന്ന ഘടകങ്ങളിൽ പ്രാധാന്യമേറിയത് സ്വന്തം കുടുംബ പശ്ചാത്തലം തന്നെയായിരുന്നു. ഹിന്ദു മതത്തിന്റെയും ജൈന മതത്തിന്റെയും മിശ്രിതമായ മതാചാരങ്ങളും വിശ്വാസങ്ങളുമാണ് ഗാന്ധികുടുംബം അനുവർത്തിച്ചിരുന്നത്. ബാല്യത്തിൽ സ്വാധീനിച്ചിരുന്ന ജൈന മത തത്വങ്ങളായ അഹിംസ, വെജിറ്റേറിയനിസം, നിരാഹാരവ്രതം വഴി സ്വയം ശുദ്ധീകരണം എന്നിവ ജീവിതമൂല്യങ്ങളായി പരീക്ഷണാടിസ്ഥാനത്തിൽ ഗാന്ധിജി സ്വന്തം ജീവിതത്തിലും പ്രാവർത്തികമാക്കി.

ഗാന്ധിജിയുടെ ബാല്യകാല വളർച്ചയിൽ നിർണായകമായ സ്വാധീനം ചെലുത്തിയിരുന്നത് സ്വന്തം മാതാവ് പുത്‌ലിബായ് തന്നെയായിരുന്നു. പുത്‌ലിബായ് അനുവദിച്ചിരുന്ന വ്രതാനുഷ്ഠിതമായ നിരാഹാരം ഗാന്ധിജി പിന്നീട് തന്റെ രാഷ്ട്രീയ ജീവിതത്തിലും സ്വീകരിച്ചു. ആകെ പതിനെട്ടോളം നിരാഹാര വ്രതങ്ങൾ ഗാന്ധിജി പില്കാലത്ത് നടത്തിയതായി കാണാം. തന്റെ മാതാവ് സദാ ഉച്ചരിച്ചു കൊണ്ടിരുന്ന റാം... റാം... എന്ന പ്രാർത്ഥനാ മന്ത്രം ഗാന്ധിജിയും പിൻതുടർന്നു. ഘാതകന്റെ വെടിയേറ്റ് വീണപ്പോഴും ആ മഹാത്മാവിന്റെ ചുണ്ടിൽ നിന്നും അടർന്ന് വീണത് റാം... റാം... എന്നു തന്നെ. വ്രതാനുഷ്ഠാനങ്ങളോടെ ഈശ്വര നിരതമായ ജീവിതം നയിച്ചിരുന്ന മാതാവിനെ ആരാധന രൂപത്തിൽ കണ്ടിരുന്ന പുത്രനായിരുന്നു ഗാന്ധിജി.

ഗാന്ധിജിയുടെ ബാല്യകാല ജീവിതത്തിൽ ഉണ്ടായ ചില അനുഭവങ്ങളെ കുറിച്ച് നിരവധി കഥകൾ പറഞ്ഞു കേട്ടിട്ടുണ്ട്. അതിൽ അതീവ പ്രാധാന്യമുള്ള ചില കഥകൾ പറയാം.

## ഗാന്ധിജിയുടെ സത്യനിഷ്ഠ

സ്കൂൾ പഠനകാലത്തുണ്ടായ ഒരു സംഭവം ഗാന്ധിജിയുടെ സത്യനിഷ്ഠയും ആത്മധൈര്യവും വിളിച്ചറിയിക്കുന്നതായിരുന്നു. രാജ്കോട്ടിലെ സ്കൂളിൽ പഠിക്കുന്ന സന്ദർഭത്തിൽ സ്കൂൾ ഇൻസ്പെക്ടർ അവിടം സന്ദർശിച്ചു. കുട്ടികളുടെ ഇംഗ്ലീഷ് സ്പെല്ലിങ് പരിജ്ഞാനം പരിശോധിക്കുന്നതിനായി ഒരു ടെസ്റ്റ് നടത്തി. ഗാന്ധിജി 'കെറ്റിൽ' എന്ന വാക്ക് തെറ്റിച്ചായിരുന്നു എഴുതിയത്. ഇത് ശ്രദ്ധയിൽപ്പെട്ട അധ്യാപകൻ, അടുത്ത കുട്ടിയുടെ സ്ലേറ്റിൽ നോക്കി എഴുതുന്നതിന് ആരുമറിയാതെ സൂചന നൽകി. പക്ഷേ ബാലനായ ഗാന്ധി അധ്യാപകന്റെ നിർദ്ദേശം അനുസരിച്ചില്ല. കാരണം തനിക്ക് മാർക്ക് കുറഞ്ഞാലും ഒരു വഞ്ചന ചെയ്യാൻ താൻ തയ്യാറല്ലെന്ന് തെളിയിക്കുകയായിരുന്നു അത്. മാത്രമല്ല, ചെറുപ്രായത്തിൽ തന്നെ അധ്യാപകനോട് തന്റെ അചഞ്ചലമായ സത്യബോധം തുറന്നു പറയുന്നതിനുള്ള ധൈര്യവും പ്രകടിപ്പിച്ചത് അഭിനന്ദാർഹമാണ്.

## സ്വർണം മോഷ്ടിച്ച സംഭവം

പ്രായപൂർത്തിയാകുന്നതിന് മുൻപ് ആരുടെയോ കടബാധ്യത തീർക്കുന്നതിന് തന്റെ സഹോദരന്റെ സ്വർണ കൈവളയിൽ നിന്ന് ചെറിയൊരു ഭാഗം ഗാന്ധി മോഷ്ടിക്കുകയുണ്ടായി. എന്നാൽ കൃത്യം നടത്തിയതിനു ശേഷം ആ ബാലന് വലിയ കുറ്റബോധമുണ്ടായി. തെറ്റ് തുറന്ന് പറഞ്ഞ് ഖേദം പ്രകടിപ്പിക്കാൻ തയ്യാറായി. തന്റെ പിതാവിനോട് കുറ്റസമ്മതം നടത്തി എഴുതിയ കത്തിൽ കുറ്റം ഏറ്റു പറഞ്ഞിരുന്നു. പക്ഷേ പിതാവ് ഗാന്ധിയെ കുറ്റപ്പെടുത്തി ഒരു വാക്കുപോലും ഉച്ചരിച്ചില്ല. ആ കുറിപ്പ് അദ്ദേഹം കീറി എറിഞ്ഞു. പിതാവിന്റെ കണ്ണിൽ നിന്നും നിറഞ്ഞൊഴുകിയ കണ്ണുനീർ ആ ബാലനെ ആഴത്തിൽ സ്വാധീനിക്കുകയും മേലാൽ ഇത്തരം തെറ്റുകൾ ആവർത്തിക്കുകയില്ലെന്ന ദൃഢ നിശ്ചയത്തിലേക്ക് നയിക്കുകയുമുണ്ടായി. ബാലമനസ്സിൽ, സത്യത്തിന്റെ അമൂല്യത, മാപ്പ് നൽകലിലെ ഹൃദയ വിശാലത, കുറ്റസമ്മതം നല്കിയ ആശ്വാസം, മാപ്പ് അപേക്ഷിച്ചതിലെ മാസ്മരിക ശക്തി എന്നീ പാഠങ്ങൾ ഉൾക്കൊള്ളുന്നതിന് ഇടയാക്കിയ പ്രധാന സംഭവമാണെന്ന് ഗാന്ധിജി പിന്നീട് രേഖപ്പെടുത്തി.

## മാംസം ഭക്ഷിച്ചുള്ള പരീക്ഷണം

ബാല്യകാല സുഹൃത്തുകളിലൊരാളുടെ ഉപദേശപ്രകാരം ഗാന്ധിജി ഒരിക്കൽ മാംസം ഭക്ഷിച്ചിരുന്നു. കുറച്ചു തവണ ഇതാവർത്തിക്കപ്പെട്ടു. ബ്രിട്ടീഷുകാരെപ്പോലെ ശക്തരും ധീരരും ആകും എന്നായിരുന്നു ഈ ശീലത്തിന് സുഹൃത്ത് നല്കിയ ഉപദേശം. പക്ഷേ തന്റെ കുടുംബം സസ്യാഹാരികളായതിനാൽ ഇതൊരു വഞ്ചനയായി കരുതിയ ഗാന്ധി ആ ശീലം ഉപേക്ഷിച്ചു. സ്വയം



മനോനിയന്ത്രണത്തിനും, സത്യസന്ധത നിരന്തരം പാലിക്കുന്നതിനും ഇത് സഹായകരമായി എന്നാണ് പിന്നീട് വിലയിരുത്തിയത്.

ഇത്തരം കഥകൾക്ക് അനുബന്ധമായി ചെറുപ്പത്തിൽ തന്നെ സ്വയം ആർജിക്കാൻ കഴിഞ്ഞ മറ്റ് ചില ശീലങ്ങളും ഗാന്ധിജിയുടെ ജീവിതയാത്രയിൽ അദ്ദേഹത്തിന് പ്രത്യേക ശാക്തീകരണം നല്കിയിരുന്നു. ചെറുപ്പകാലം തൊട്ട് തന്നെ രാമായണവും മഹാഭാരതവും ഗാന്ധിയെ പുളകിതനാക്കി. തന്റെ രക്ഷിതാക്കളോടുളള ശ്രവണകുമാരന്റെ വിധേയത്വവും പരിഗണനയും രാമായണപഠനം നല്കിയതായിരുന്നു. അതുപോലെ രാജാ ഹരിചന്ദ്രന്റെ സത്യപാലനത്തിനു വേണ്ടി നടത്തേണ്ടിവന്ന സ്ഥാന ത്യാഗവും കഷ്ടനഷ്ടങ്ങളും ബാലനായ ഗാന്ധിയെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. രാജാ ഹരിചന്ദ്ര നാടകം അക്കാലത്ത് നിരവധി പേരെ ആകർഷിക്കുകയും ആദർശരൂപങ്ങളാക്കി മാറ്റുകയും ചെയ്തിരുന്നു. ബാലനായഗാന്ധി യേയും ഹഠാദാകർഷിച്ച കഥകളിലൊന്നായിരുന്നു ഹരിചന്ദ്രചരിതം. ത്യാഗം, കുടുംബസ്നേഹം, സത്യത്തിലുളള മൂർത്ത വിശ്വാസം, എന്നീ ഗുണങ്ങളുടെ സ്വീകർത്താവായി ഗാന്ധി രൂപാന്തരം പ്രാപിച്ചതിലും ഇത്തരം വീരേതിഹാസങ്ങൾ പങ്ക് വഹിച്ചിരുന്നു.

നാട്ടുനടപ്പ് അനുസരിച്ച് പതിമൂന്നാം വയസ്സിൽ ഗാന്ധി വിവാഹിതനായി. വധു കസ്തൂർബാ ഗോകുൽദാസ് കപാഡിയ. കസ്തൂർബായുമായുള്ള ഗാന്ധിജിയുടെ വൈവാഹിക ജീവിതം പില്കാലത്ത് മാതൃകാപരമായി മാറി. ഗാന്ധിജി തന്നെ രേഖപ്പെടുത്തിയത് ആദ്യം പുരുഷാധിപത്യത്തിന്റെ ഭാവമാണ് കസ്തൂർബയോട് ഉണ്ടായിരുന്നതെങ്കിലും പിന്നീട് അത് ഉപേക്ഷിച്ച് പരസ്പര ബഹുമാനത്തിലും യോജിപ്പിലുമെത്തി.

ബാല്യകാല സ്മരണകളും അനുഭവങ്ങളും തന്നിൽ ഉണ്ടാക്കിയ സ്വാധീനം വ്യക്തമായി ഓർക്കുകയും രേഖപ്പെടുത്തുകയും ചെയ്തത് ആ മഹാത്മാവിനെ അനശ്വരനാക്കി. തന്റെ ജീവിത തത്വശാസ്ത്രം രൂപപ്പെടുത്തിയത് ചെറുപ്പത്തിൽ തനിക്ക് പ്രിയപ്പെട്ട മൂന്ന് ബുദ്ധിമാന്മാരായ കുരങ്ങന്മാരുടെ കഥയാണെന്ന് ഗാന്ധിജി വ്യക്തമാക്കിയിരുന്നു. അവർ ദോഷകരമായ ഒന്നും കാണുന്നില്ല, ഒന്നും ശ്രവിക്കുന്നില്ല, ഒന്നും സംസാരിക്കുന്നില്ല. ഈ കഥയിലെ സാരാംശത്തിലടങ്ങിയ തത്വശാസ്ത്രം തന്റെ സാന്മാർഗിക ശുദ്ധി, അച്ചടക്കം എന്നിവ രൂപീകരിക്കുന്നതിന് വലിയൊരളവോളം സ്വാധീനിച്ചതായി ഗാന്ധിജി രേഖപ്പെടുത്തിയതും ശ്രദ്ധേയമാണ്.

**“ഒരു കുട്ടിയുടെ മനസ്സ് ഒരു വെളുത്ത കടലാസുപോലെയാണ്; അതിൽ നിനക്ക് എന്തും എഴുതാം, പക്ഷേ ശരിയായ കാര്യങ്ങൾ മാത്രം എഴുതുക.”**

**“വിദ്യാഭ്യാസം ഒരു ഉപകരണമാണ്, അത് ഉപയോഗിക്കുന്നവന്റെ കൈകളിൽ അത് നന്മയോ തിന്മയോ ആകാം.”**

**-മഹാത്മാഗാന്ധി**



Photo: Wikimedia commons

# ഗാന്ധി സ്മൃതി

മുഹമ്മദ് കൊച്ചാലുംമൂട്

വരവായ് നല്ലൊരു പുണ്യദിനം
ഒക്ടോബറിലെ നന്മ ദിനം
ഗാന്ധിപിറന്നൊരു സന്തോഷത്തിൽ
കുട്ടികൾ സ്മരണ നിറയ്ക്കുന്നു

സ്കൂളുകൾ, തെരുവുകളെമ്പാടും
മാലിന്യങ്ങൾ നീക്കുന്നു
വട്ടക്കണ്ണട ചേലിൽ വച്ച്
അവരോ വേഷം കെട്ടുന്നു

മൊട്ടത്തലയിൽ തടവിക്കൊണ്ട്
ഒരുവടി കുത്തി നടക്കുന്നു
ഒറ്റത്തോർത്തുമുടുത്തുംകൊണ്ടേ
പല്ലില്ലാതെ ചിരിക്കുന്നു

ഗാന്ധിജി തന്നുടെ ഓർമകളിൽ
കുട്ടികൾ ഇങ്ങനെ ചെയ്യുമ്പോൾ
അവരുടെ ഉള്ളിൽ നിറയട്ടെ
മഹാത്മജിയുടെ ചൈതന്യം



വര: സൂരജ് കക്കറയിൽ



# നികുഞ്ജപക്ഷി



## അഥവാ ബോവർ ബേർഡ്

**(ഒക്ടോബർ 6 ലോകപാർപ്പിട ദിനം)**

**പി കെ സുധി**

''കല്ല്യാണക്കുരുവിക്ക് പുല്ലാനിപ്പുരകെട്ടാൻ
പുല്ലും നെല്ലും വയ്ക്കോലും
പഞ്ഞിയും പായലും കുമ്മായം
ഇല്ലിയും ചുള്ളിയും മോന്തായം''

കൂട്ടുകാർ ആ പാട്ടു കേട്ടുകാണും, ചിലർക്കൊക്കെ അമ്മമാർ താരാട്ടായി തന്നെ അതു പാടിത്തന്നിരിക്കും. തറയിൽ നിന്നും രണ്ടര മീറ്ററിലേറെ ഉയരത്തിൽ പുരകെട്ടുന്ന പക്ഷി ശരിക്കുമുണ്ട്. വള്ളിക്കുടിൽ മെനയുന്ന അവയുടെ വാസയിടം ആസ്ത്രേലിയായിലാണ്. പണ്ടുപണ്ട് ആസ്ത്രേലിയ, ന്യൂഗനിയ എന്നിവിടങ്ങളിൽ കുടിയേറിയ യൂറോപ്യന്മാർ കാടുകളിൽ ചില വള്ളിക്കുടിലുകൾ കണ്ടതിശയിച്ചു പോയി. കൗതുക വസ്തുക്കൾ കൊണ്ട് നന്നായി അലങ്കരിച്ചവയായിരുന്നു ആ നികുഞ്ജങ്ങൾ. അതൊക്കെ അന്നാട്ടിലെ ആദിമവാസികളുടെ നിർമിതികളാവും എന്ന് സായിപ്പന്മാർ തീർച്ചപ്പെടുത്തി.

പിന്നെയാണ് ഈ കളിവീടുകളുടെ നിർമ്മാതാക്കളെ തിരിച്ചറിഞ്ഞത്. അത് മനുഷ്യരായിരുന്നില്ല. ഒരു കിളിയുടെ വിദ്യ. വള്ളിക്കുടിൽ നിർമാതാവായതിനാൽ ബോവർ കിളി എന്നു പേരും അവയ്ക്ക് ചാർത്തിക്കൊടുത്തു. ആൺകിളികളാണ് ശില്പികൾ. പുല്ലും ചുള്ളിയുമൊക്കെ പെറുക്കിക്കൂട്ടി അവൻ കൂടുണ്ടാക്കുന്നു. അവന് കൂടുമെനയാൻ കുറെയേറെ വർഷങ്ങളുടെ പരിശീലനം ആവശ്യമാണു താനും. അതായത് മെനയുള്ള കൂടുമെനയാൻ ബോവർ പക്ഷിക്ക് പ്രായപൂർത്തി ആവണമെന്നർത്ഥം. ഇരുപതിൽപ്പരം ജാതിക്കിളികളാണ് കൂടുനിർമാതാക്കളുടെ കൂട്ടത്തിലുള്ളത്.






നമ്മൾ വീടുകെട്ടുന്നത് ഏതുകാലാവസ്ഥയിലും സുഖമായി, സുരക്ഷിതമായി താമസിക്കാൻ വേണ്ടിയാണ്. ബോവർക്കിളി അതൊന്നുമല്ല ലക്ഷ്യമിടുന്നത്. ഇണയെ ആകർഷിക്കുക. അതാണ് ആൺകിളിയുടെ കുടിൽ നിർമാണത്തിനു പിന്നിലെ ചോദന. ചുറ്റിലും നോക്കൂ. ചില പക്ഷികൾ പാട്ടുപാടുന്നു. ചിലർ നൃത്തം ചെയ്യുന്നു. ചിലർക്ക് ചന്തമാണ് ഇണയെ നേടിക്കൊടുക്കുന്നത്.

ഇനി ബോവർ പക്ഷികളുടെ കൂടൊന്നു പരിശോധിക്കാം. വെറും കുഞ്ഞിക്കൂടല്ല. ഏകദേശം രണ്ടര മീറ്ററോളം ഉയരമുള്ള, ചെടിത്തണ്ടും ചുള്ളികളും കൊണ്ടുള്ള നിർമിതിയാണത്. വാതിലും മേൽക്കൂരയുമൊക്കെയുള്ള ഒരു കുഞ്ഞു വീടു തന്നെ . ബോവർപ്പക്ഷികൾ വെറുതെ വീടുണ്ടാക്കുക മാത്രമല്ല ചെയ്യുന്നത്. ചില ശില്പിക്കിളികൾ കൂടിനെ കൂടുതൽ മോടിയാക്കാൻ പെയിന്റർ വേഷവും കെട്ടുന്നവരാണ്. കിളികളെങ്ങനെയാണ് ചായം നിർമിക്കുന്നത്? പുറത്തു നിന്നും കൊത്തിക്കൊണ്ടുവന്ന കരിയെ ഉമിനീരിൽ അലിയിക്കുന്നു. കറുത്ത ചായം തയ്യാർ. ബറിച്ചെടിയുടെ കായകളിലെ കറുപ്പ് നിറത്തെ ഉപയോഗപ്പെടുത്തുന്നവരുമുണ്ട്. ചായം ചുവരിൽ തേയ്ച്ചു പിടിപ്പിക്കാൻ പച്ചില അഥവാ നാരുനിർമിതമായ ബ്രഷാണ് ഈ കിളികൾ ഉപയോഗിക്കുന്നത്. ചുണ്ടിൽ ഈ ബ്രഷ് പിടിച്ചിരിക്കുന്ന കിളിയുടെ ചിത്രം ഒന്നു സങ്കല്പിച്ചു നോക്കൂ.

കിളികളുടെ കൂട്ടത്തിലെ ഈ ആർക്കിട്ടെക്റ്റുകളുടെ അഹങ്കാരം അവിടെയും തീരുന്നില്ല. തിളങ്ങുന്ന എന്തു സാധനം കണ്ടാലും പെറുക്കിക്കൊണ്ടുവന്ന് വീട് അലങ്കരിച്ചുകളയും. പെൺകിളികളെ വീഴ്ത്താനുള്ള അടവ് അപാരമല്ലേ! മിനുങ്ങുന്ന കല്ലുകൾ, തൂവലുകൾ, ഇലകൾ, പൂക്കൾ, ഒച്ചുകളുടെ പുറന്തോട്, എട്ടുകാലിവല. അങ്ങനെ പോകുന്നു ഇവർ കണ്ണുവയ്ക്കുന്ന കൗതുകവസ്തുക്കളുടെ ലിസ്റ്റ്. ഇന്നിപ്പോൾ കാലം മാറിയില്ലേ. ഒന്നു ചുറ്റിക്കറങ്ങിയാൽ ബട്ടണുകൾ, സിഡി ഡിസ്കുകൾ, കളിപ്പാട്ടങ്ങൾ, കണ്ണാടിത്തുണ്ട്, ടിന്നുകൾ അങ്ങനെ കൗതുകമുള്ള എന്തുംകിട്ടും. അതെല്ലാം കൊത്തിക്കൊണ്ടുവരാൻ ബോവറിന് ഒരു മടിയുമില്ല. എന്തിനധികം പറയുന്നു. കൂട്ടിൽ പൂമെത്തയും ഒരുക്കി വയ്ക്കും. കുട്ടികൾ ഉണ്ടാക്കുന്ന കളിവീടുകൾ! അങ്ങനെ തോന്നിയാൽ തെറ്റില്ല.

വീടിന്റെ പണി പൂർത്തിയാൽ ആൺകിളി പെണ്ണിനെ അക്കാര്യം വിളിച്ചറിയിക്കും. ഇണയെ ആകർഷിക്കാനായി ഒച്ചയുണ്ടാക്കുന്നു. ചങ്ങാതി എനിക്ക് നിന്റെ കൂട് നന്നായി ഇഷ്ടപ്പെട്ടു. ഞാനവിടെ താമസിക്കാൻ വരട്ടെ? തന്റെ താല്പര്യം പെൺകിളി അവനെ അറിയിക്കുന്നത് നടനത്തിലൂടെയാണ്. ബോവർ ജാതിയിലെ പെൺകിളികൾ അത്രയ്ക്ക് ആകർഷണീയരല്ല. അവയ്ക്ക് ചാരനിറമാണുള്ളത്. അതേ സമയം ആൺകിളികൾ പച്ച, ഓറഞ്ച് ചുവപ്പ് മഞ്ഞ അങ്ങനെ പല നിറങ്ങളാൽ സുന്ദരന്മാരുമാണ്.

കൂട് അലങ്കരിക്കാനുള്ള ശ്രമത്തിനിടയിൽ ഇവർ നല്ലതല്ലാത്ത പരിപാടികിലും ഏർപ്പെടാറുണ്ട്. മറ്റു കൂടുകളിൽ നിന്നും കളിപ്പാട്ടങ്ങൾ അടക്കം ചില്ലറ മോഷണങ്ങൾ, അതിനുവേണ്ടി അടിപിടികൾ നടത്താനും മടിക്കില്ല. തിളങ്ങുന്ന പുറന്തോടിനായി കീടങ്ങളെ കൊലപ്പെടുത്തൽ തുടങ്ങിയ ക്രൂരമായ പരിപാടികൾ. മാത്രമല്ല. ഇണയ്ക്കു വേണ്ടിയുള്ള മത്സരത്തിനിടയിൽ പാരയാകാൻ സാധ്യതയുള്ള മറ്റു കിളികളുടെ കൂടുകൾ നശിപ്പിക്കുക എന്നിവയും ചെയ്യുന്നുണ്ട്.

മനുഷ്യർക്കൊപ്പം തങ്ങളുടെ വാസസ്ഥലം കലാപരമായി അലങ്കരിക്കുന്ന മറ്റൊരു ജീവിയാണ് ബോവർ പക്ഷികളെന്നു ചുരുക്കം.

കഥ



# കുഞ്ഞിക്കിളിയും മഴത്തുള്ളിക്കുട്ടനും

**റീമോൾ ജോജു**



പണ്ട് പണ്ട്... അങ്ങു കിഴക്ക് സുന്ദരമായ ഒരു കാടുണ്ടായിരുന്നു. നിറയെ മഞ്ചാടി മരങ്ങൾ ഉള്ള മഞ്ചാടിക്കാട്. അവിടെ, എല്ലാ മൃഗങ്ങളും സന്തോഷമായി താമസിച്ചിരുന്നു.

ഒരുദിവസം മഞ്ചാടിക്കാട്ടിലെ മലഞ്ചെരിവിൽ ചാറ്റൽമഴ പെയ്തു. പളുങ്കു പോലെയുള്ള ഓരോ മഴത്തുള്ളിയും താഴെ വീണു കിടക്കുന്ന മഞ്ചാടിമണികളിലും, മണ്ണിലും, പുല്ലിലും പൂക്കളിലുമൊക്കെ വീണ് ചിതറിത്തെറിച്ചു കൊണ്ടിരുന്നു.

അതിൽ ഒരു മഴത്തുള്ളിക്കുട്ടൻ ഒരു ചേമ്പിലയിൽ വീണു. അവൻ ആ ചേമ്പിലയിൽ കിടന്ന് ഉരുണ്ടു കളിച്ചു. അവന് നല്ല രസം തോന്നി. ചുറ്റും ചെടികളും പൂക്കളും... പൂമ്പാറ്റകളും...എന്ത് ഭംഗി! അവന് എല്ലാം ഇഷ്ടമായി.

ഈ ഭൂമിയിൽ കുറേ നാൾ ജീവിക്കണം... എന്നിട്ട് ഒരു മഴത്തുള്ളിക്ക് ചെയ്യാൻ പറ്റുന്ന ഏറ്റവും നല്ല കാര്യം ചെയ്യണം. അവൻ മനസ്സിൽ കരുതി.

മഴ മാറിയപ്പോൾ പൊൻ വെയിൽ വന്നു. അവൾ അവനെ നക്കിക്കുടിക്കാൻ നോക്കി അവന് സങ്കടം വന്നു. കുഞ്ഞിക്കാറ്റു വന്ന് ചേമ്പില ഇളക്കി അവനെ തള്ളിയിടാൻ നോക്കി. അവന്റെ സങ്കടം കൂടിവന്നു. അവൻ ഉച്ചത്തിൽ കരയാൻ തുടങ്ങി. മഞ്ചാടി മരക്കൊമ്പിലിരുന്ന മഞ്ഞനിറമുമുള്ള കുഞ്ഞിക്കിളി മഴത്തുള്ളിക്കുട്ടന്റെ കരച്ചിൽ കേട്ടു. അവൾക്കു പാവം തോന്നി. അവൾ അവനോട് സങ്കടം തിരക്കി.

അവൻ പറഞ്ഞു. ‘‘എനിക്കീ ഭൂമിയിൽ കുറേക്കാലം ജീവിച്ച്, ഒരു മഴത്തുള്ളിക്ക് ചെയ്യാവുന്ന ഏറ്റവും നല്ല പ്രവർത്തി ചെയ്യണം.’’

മഴത്തുള്ളിക്കുട്ടന്റെ ആവശ്യം കേട്ട് കുഞ്ഞിക്കിളിക്ക് അവനോട് ഇഷ്ടം തോന്നി. കുഞ്ഞിക്കിളി അതുവഴി വന്ന പൂങ്കാറ്റിനോട് മഴത്തുള്ളിയുടെ ആഗ്രഹം പറഞ്ഞു.

ചിപ്പിയുടെ ഉള്ളിൽ വീഴുന്ന മഴത്തുള്ളിക്ക്, കാലങ്ങളോളം അതിനുള്ളിൽ തപസ്സായി കിടന്നാൽ തിളങ്ങുന്ന മുത്തായി മാറാൻ കഴിയും എന്ന് കേട്ടിട്ടുണ്ട്. പൂങ്കാറ്റ് കേട്ടറിവ് പറഞ്ഞു.

അതുകേട്ടപ്പോൾ മഴത്തുള്ളിക്കുട്ടനും കുഞ്ഞിക്കിളിക്കും ഒരുപാടിഷ്ടമായി. എന്നും തിളങ്ങുന്ന മുത്തായി മാറാൻ മഴത്തുള്ളിക്കുട്ടന് കൊതിയായി. പക്ഷേ ചിപ്പി എവിടെയാണെന്ന് പൂങ്കാറ്റിനറിയില്ല. പച്ചിലക്കാട്ടിലെ, മരഞ്ചാടി കുരങ്ങച്ചന് അറിയാമത്രേ.

അങ്ങനെ രണ്ടുപേരും കൂടി പച്ചിലക്കാട്ടിൽ പോകാൻ തീരുമാനിച്ചു. പക്ഷേ മഴത്തുള്ളിയെ എങ്ങനെ കൊണ്ടുപോകും?

കുഞ്ഞിക്കിളി താമരപൊയ്കയിൽ വിരിഞ്ഞു നിൽക്കുന്ന ചെന്താമരപ്പൂക്കൾ കണ്ടു. അവൾക്ക് ഒരു ബുദ്ധി

തോന്നി. തലയാട്ടി കളിക്കുന്ന ഒരു ചെന്താമരപ്പൂവിനോട് കുഞ്ഞിക്കിളി ഒരു താമരയിതൾ ചോദിച്ചു. അവൾ പട്ടുപോലുള്ള ഒരു കുഞ്ഞു താമരയിതൾ കുഞ്ഞിക്കിളിക്കു കൊടുത്തു.

മഴത്തുള്ളിക്കുട്ടനെ അതിൽ ഇരുത്തി, ആ താമരയിതളും കൊത്തിക്കൊണ്ട് കുഞ്ഞിക്കിളി പച്ചിലക്കാട് ലക്ഷ്യമാക്കി പറക്കാൻ തുടങ്ങി. പച്ചിലക്കാട്ടിൽ എത്തി ഓരോ മരക്കൊമ്പിലും അവർ കുരങ്ങച്ചനെ തിരഞ്ഞു. അവസാനം മൂത്തുപഴുത്തു നിൽക്കുന്ന ഞാവൽപ്പഴങ്ങളുടെ ഇടയിൽ തലകീഴായി തൂങ്ങിക്കിടന്നു വികൃതി കാട്ടുന്ന കുരങ്ങച്ചനെ കണ്ടെത്തി. അവർ കാര്യം പറഞ്ഞു. തല ചൊറിഞ്ഞു കൊണ്ടു മരക്കൊമ്പിൽ തൂങ്ങിക്കിടന്ന് അവൻ ആലോചിച്ചു.

‘‘ലോകം മുഴുവൻ ചുറ്റിക്കറങ്ങുന്ന, മഞ്ഞിന്റെ നിറമുള്ള ദേശാടനപക്ഷിക്ക് നിങ്ങളെ സഹായിക്കാൻ പറ്റും. പുഴക്കരയിലുള്ള ഏതെങ്കിലും മരക്കൊമ്പിൽ അവൾ ചിറകു മിനുക്കി ഇരിക്കുന്നുണ്ടാവും.’’ ഞാവൽപ്പഴം തിന്ന് നീലിച്ച പല്ല് കാട്ടി ചിരിച്ചു കൊണ്ട് അവൻ പറഞ്ഞു.

അവർ, പല മരങ്ങളിലും മഞ്ഞിന്റെ നിറമുള്ള ദേശാടനക്കിളിയെ തേടി. ഒടുവിൽ, ചിൽ... ചിൽ... എന്ന് ചിലച്ച് ഓടി നടക്കുന്ന പൂവാലൻ അണ്ണാനോട് തിരക്കി.

പൂത്തുലഞ്ഞു നിൽക്കുന്ന ഇലഞ്ഞിമരത്തിന്റെ കൊമ്പിൽ അവൻ ഒറ്റയ്ക്കിരിക്കുന്നുണ്ടാവും എന്ന് പൂവാലൻ അണ്ണാൻ പറഞ്ഞു.

ഇലഞ്ഞിപ്പൂക്കളുടെ സുഗന്ധം തേടി കുഞ്ഞിക്കിളി വീണ്ടും പറന്നു. ഒടുവിൽ ചുവന്നു തുടുത്ത ഇലഞ്ഞിപ്പഴങ്ങൾ തിന്നുകൊണ്ടിരിക്കുന്ന ദേശാടനക്കിളിയെ കണ്ടു. അവർ അവനോടു കാര്യം പറഞ്ഞു. തൂവെള്ള ചിറക് കുടഞ്ഞു കൊണ്ട് അവൻ പറഞ്ഞു.

‘‘അങ്ങ് ദൂരെ... പടിഞ്ഞാറേക്ക് പോയാൽ കടല് കാണാം... അവിടെ വാലിൽ നീല പുള്ളിയുള്ള ഒരു പൂവാലൻ മീനുണ്ട്. അവൻ എന്റെ സുഹൃത്താണ്. അവനെ കണ്ടുപിടിച്ചാൽ കാര്യം നടക്കും..

കടല് തേടി കുഞ്ഞിക്കിളി വീണ്ടും പറക്കാൻ തുടങ്ങി. അവളുടെ കുഞ്ഞിച്ചിറക്കുകൾ ക്ഷീണിച്ചു തുടങ്ങി. എന്നിട്ടും അവൾ മഴത്തുള്ളിക്കുട്ടന് വേണ്ടി പറന്നു. അങ്ങനെ അവർ കടൽത്തീരത്തെത്തി .

കരിനീല നിറമുള്ള കടലിലെ, കൂറ്റൻ തിരമാലകൾ കണ്ട് അവൾ പേടിച്ചു പോയി. പാവം കുഞ്ഞിക്കിളി...കടൽക്കാറ്റേറ്റ് അവളുടെ കുഞ്ഞിച്ചിറകുകൾ കുഴഞ്ഞു.

ആ മണൽപ്പരപ്പിൽ അവൾ തളർന്നുവീണു. അവളുടെ കണ്ണുകൾ അടഞ്ഞു...

പാതിതുറന്ന കൊക്കിനുള്ളിൽ നിന്ന് ദാഹിച്ചു വരണ്ട നാവ് അവൾ പുറത്തേക്കു നീട്ടി..

കുഞ്ഞിക്കിളിയുടെ ജീവൻ നിലനിർത്താൻ ഇപ്പോൾ വെള്ളമാണ് വേണ്ടതെന്നു മഴത്തുള്ളിക്കുട്ടന് മനസ്സിലായി. അവൻ ചിപ്പിയെ മറന്നു... മുത്താവണം എന്ന മോഹവും മറന്നു. പയ്യെപ്പയ്യെ... കുഞ്ഞിക്കിളിയുടെ പാതി തുറന്ന ചുണ്ടിൽ കൂടി അവനാ നാവിലേക്ക് ഊർന്നിറങ്ങി. തൊണ്ട നനഞ്ഞപ്പോൾ കുഞ്ഞിക്കിളി കണ്ണുതുറന്നു.

അവൾ മഴത്തുള്ളിയെ തേടി... ഒഴിഞ്ഞ ചെന്താമരയിതൾ മാത്രം കണ്ടു. മഴത്തുള്ളിക്കുട്ടനെ തേടി അവൾ അവിടെയൊക്കെ സങ്കടത്തോടെ പറന്നു നടന്നു. കണ്ടില്ല. ഇപ്പോഴും നമ്മുടെ പൂന്തോപ്പിലും മുറ്റത്തും ഒക്കെ ആ കുഞ്ഞിക്കിളി മഴത്തുള്ളിക്കുട്ടനെ തേടി വരാറുണ്ടത്രേ!



വര: റോണി ദേവസ്യ





# ഈ ലോകം ചെടികളുടെ ശബ്ദങ്ങളാൽ നിറഞ്ഞിരിക്കുന്നു!

**കൃഷ്ണ ഗോവിന്ദ്**

ചെടികളും മരങ്ങളും ഒക്കെ സംസാരിക്കുമോ? 'എനിക്ക് ദാഹിക്കുന്നേ? എന്റെ ചുവട്ടിൽകുറച്ച് വെള്ളം ഒഴിക്കൂ! എനിക്ക് വയ്യായേ... കുറച്ച് പൊട്ടാസ്യമോ നൈട്രജനോ അടങ്ങിയ വളം തായോ' എന്നൊക്കെ ചെടികളും മരങ്ങളും ഒക്കെ നമ്മളോട് പറഞ്ഞാൽ എന്തായിരിക്കും അല്ലേ? ഭാവനയിലല്ലാതെ ചെടികൾ സംസാരിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

സസ്യങ്ങൾക്ക് ജീവനുണ്ടെന്ന് നമ്മുക്കൊക്കെ അറിയാം. ഭൗതികശാസ്ത്രത്തിനും സസ്യശാസ്ത്രത്തിനും വലിയ സംഭാവനകൾ നൽകിയ മഹാനായ ഇന്ത്യൻ ശാസ്ത്രജ്ഞൻ സർ ജഗദീഷ് ചന്ദ്ര ബോസ് സസ്യങ്ങൾക്കും ജീവനുണ്ടെന്നു തെളിയിച്ചു കഴിഞ്ഞതാണ്. എന്നാൽ സസ്യങ്ങൾ ആശയവിനിമയം നടത്തുമെന്നത് സംബന്ധിച്ച് ശാസ്ത്രലോകത്ത് പല അഭിപ്രായങ്ങളും ഉയർന്നുവന്നുവെങ്കിലും ഇതുവരെ ആർക്കും അത് തെളിയിക്കാൻ സാധിച്ചിരുന്നില്ല.

സസ്യങ്ങളും സംസാരിക്കാറുണ്ടെന്ന്, ഇസ്രായേലിലെ ടെൽ അവീവ് സർവകലാശാലയിലെ ഒരു കൂട്ടം ഗവേഷകർ ഒടുവിൽ കണ്ടെത്തിയിരിക്കുകയാണ്. യൂണിവേഴ്സിറ്റിയിലെ ജോർജ്ജ് എസ് വൈസ് ഫാക്കൽറ്റി ഓഫ് ലൈഫ് സയൻസസിന്റെ കീഴിലുള്ള സ്കൂൾ ഓഫ് പ്ലാന്റ് സയൻസസ് ആൻഡ് ഫുഡ് സെക്യൂരിറ്റിയിലെ പ്രൊഫ. ലിലാച്ച് ഹഡാനിയുടെ നേതൃത്വത്തിലുള്ള സംഘമായിരുന്നു. കൗതുകകരവും എന്നാൽ ശാസ്ത്രലോകത്തിനും കാർഷിക ലോകത്തിനും വളരെ സഹായകരവുമാകുന്ന ഈ കണ്ടെത്തൽ നടത്തിയത്.

ടെൽ അവീവ് സർവകലാശാലയിലെ ഈ ഗവേ

ഷകർ ലോകത്തിൽ ആദ്യമായി, സസ്യങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ വ്യക്തമായി റെക്കോർഡ് ചെയ്യുകയും വിശകലനം ചെയ്യുകയും ചെയ്തു. സസ്യങ്ങൾ, ഉയർന്ന ആവൃത്തിയിലുള്ള മനുഷ്യരുടെ ശ്രവണ പരിധിക്കപ്പുറം കടക്കുന്ന 'പോപ്കോൺ പൊട്ടുന്നത് പോലെയുള്ള ശബ്ദങ്ങൾ' പുറപ്പെടുവിക്കുന്നുവെന്നാണ് ഗവേഷണത്തിലൂടെ കണ്ടെത്താൻ സാധിച്ചത്.

സസ്യങ്ങളിൽ സ്പന്ദനങ്ങളുണ്ടെന്ന് ഈ മേഖലയിലെ മുൻ ഗവേഷണങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. സസ്യങ്ങളോട് ചേർന്ന് ഘടിപ്പിച്ചിരിക്കുന്ന വൈബ്രോമീറ്ററുകൾ വഴി, ഈ വളരെ നേരിയ തോതിലുള്ള ഈ കമ്പനങ്ങൾ ഗവേഷക സംഘം രേഖപ്പെടുത്തി. ഈ കമ്പനങ്ങൾ വായുവിലൂടെയുള്ള ശബ്ദതരംഗങ്ങളായി മാറുന്നുണ്ടോ (അതായത്, ദൂരെ നിന്ന് റെക്കോർഡുചെയ്യാൻ കഴിയുന്ന ശബ്ദങ്ങൾ) എന്ന് ഗവേഷകർ വർഷങ്ങളായി ചർച്ച ചെയ്യുന്നു. ഈ ചോദ്യത്തിനാണ് ഹഡാനി സംഘത്തിന് ഉത്തരം നൽകാൻ സാധിച്ചത്.

പഠനത്തിന്റെ ആദ്യഘട്ടത്തിൽ ഗവേഷകർ പശ്ചാത്തല ശബ്ദമില്ലാത്ത, ശാന്തവും ഒറ്റപ്പെട്ടതുമായ ഒരു ഇടത്തിൽ ഒരു അക്കൗസ്റ്റിക് ബോക്സിൽ (ശബ്ദം വ്യക്തമായി കേൾക്കാൻ സഹായിക്കുന്ന സവിശേഷതകളുള്ള ഒരു ബോക്സ്) സസ്യങ്ങളെ പരിചയിച്ചു. 20 മുതൽ 250 കിലോഹെർട്സ് വരെ (ഒരു മുതിർന്ന മനുഷ്യന് കേൾക്കാൻ സാധിക്കുന്ന പരമാവധി ശബ്ദ ആവൃത്തി ഏകദേശം 16 കിലോ ഹെർട്സ് ആണ്) ആവൃത്തിയിൽ വരുന്ന ശബ്ദങ്ങൾ റെക്കോർഡു ചെയ്യാൻ കഴിയുന്ന അൾട്രാസോണിക് മൈക്രോഫോണുകൾ ഓരോ ചെടിയിൽ നിന്നും ഏകദേശം 10 സെന്റീമീറ്റർ അകലെ സ്ഥാപിച്ചു.

അക്കൗസ്റ്റിക് ബോക്സിലുള്ള സസ്യങ്ങൾക്ക് പല തരത്തിലുള്ള പരിചരണങ്ങളാണ് ഗവേഷകർ വിധേയമാക്കിയത്. ചില ചെടികൾക്ക് അഞ്ച് ദിവസത്തേക്ക് വെള്ളം നൽകിയിരുന്നില്ല, ചിലതിന്റെ തണ്ട് മുറിക്കുകയും കേടുപാടുകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു, ചിലത് സാധാരണ പോലെ തന്നെ നില നിർത്തി. ഇങ്ങനെ വ്യത്യസ്തമായ പരിചരണങ്ങളാണ് ചെടികൾക്ക് നൽകിയത്. ഈ സസ്യങ്ങൾ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നുണ്ടോ എന്നും ഈ ശബ്ദങ്ങൾ സസ്യത്തിന്റെ അവസ്ഥയുമായി ഏതെങ്കിലും വിധത്തിൽ ബന്ധമുണ്ടോ എന്നും പരിശോധിച്ചു.

പരീക്ഷണത്തിൽ ഇതിലെ ചില സസ്യങ്ങൾ 4080 കിലോ ഹെർട്സ് ആവൃത്തിയിൽ ശബ്ദങ്ങൾ പുറപ്പെടുവിച്ചതായി ഗവേഷകരുടെ റെക്കോർഡിംഗുകൾ സൂചിപ്പിച്ചു. ഒരു തരത്തിലും സമ്മർദ്ദമില്ലാത്ത സസ്യങ്ങൾ (സാധാരണ പോലെ നിലനിർത്തിയ) ശരാശരി, മണിക്കൂറിൽ ഒരു ശബ്ദം മാത്രമെ പുറപ്പെടുവിച്ചുള്ളൂ. അതേസമയം സമ്മർദ്ദം കൊടുത്ത സസ്യങ്ങൾ (വെള്ളം നൽകാത്ത, തണ്ട് മുറിച്ച) ഓരോ മണിക്കൂറിലും പന്ത്രണ്ടിലധികം ശബ്ദങ്ങൾ പുറപ്പെടുവിച്ചിരുന്നു.

പഠനത്തിന്റെ ഭാഗമായി പ്രധാനമായും തക്കാളി, പുകയില ചെടികളിലാണ് പരീക്ഷണം ശ്രദ്ധ കേന്ദ്രീകരിച്ചത്. ഗോതമ്പ്, ചോളം, കള്ളിച്ചെടി, ഹെൻബിറ്റ് തുടങ്ങിയവയും പരീക്ഷണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. തക്കാളിച്ചെടികളിൽ നടത്തിയ ഒരു പരീക്ഷണം ഇങ്ങനെയായിരുന്നു. പെൺ നിശാ ശലഭങ്ങൾ സാധാരണയായി മുട്ടയിടാൻ തിരഞ്ഞെടുക്കുന്നത് തക്കാളിച്ചെടികളാണ്. മുട്ട വിരിഞ്ഞുവരുന്ന ലാർവകൾക്ക് തക്കാളിച്ചെടിയുടെ ഇലകളും മറ്റും ഭക്ഷണമാക്കാം എന്നതാണ് ഇതിന് കാരണം.

പെൺ നിശാശലഭങ്ങൾക്ക് മുട്ടയിടാനായി ആരോഗ്യമുള്ള രണ്ട് തക്കാളിച്ചെടികൾ തയ്യാറാക്കി. ആദ്യത്തേതിൽ ആവശ്യത്തിന് ജലം ലഭിക്കാത്ത സാഹചര്യത്തിൽ സസ്യം പുറപ്പെടുവിപ്പിക്കുന്ന കമ്പന ശബ്ദം കൃത്രിമമായി കേൾപ്പിച്ചു. രണ്ടാമത്തേത് നിശബ്ദമായ സാഹചര്യവും ക്രമീകരിച്ചു. പെൺ നിശാശലഭങ്ങൾ മുട്ടയിടാൻ തിരഞ്ഞെടുത്ത് നിശ്ശബ്ദമായിരിക്കുന്ന രണ്ടാമത്തെ ചെടിയാണ്. പല തവണ ഈ പരീക്ഷണം ചെടികളിൽ മാറി മാറി ആവർത്തിച്ചപ്പോൾ ഇതു തന്നെ സംഭവിച്ചു. അതായത് നിശബ്ദമായിരിക്കുന്ന ചെടിയെയാണ് നിശാശലഭം തിരഞ്ഞെടുത്തത്.

ഇതിലൂടെ, ശബ്ദം ഒരു സൂചനയായി സ്വീകരിച്ചാണ് പെൺ നിശാശലഭങ്ങൾ മുട്ടയിടാനുള്ള സസ്യത്തെ തീരുമാനിച്ചതെന്ന് ഗവേഷകർക്ക് മനസിലാക്കാനായി. ചെടികളിൽ നിന്നുണ്ടാകുന്ന കമ്പന ശബ്ദങ്ങളിലൂടെ ചെടിയുടെ ആരോഗ്യത്തെ സംബന്ധിച്ച് നിശാശലഭങ്ങൾക്ക് അറിവ് ലഭിക്കുകയും; ആ ചെടികളിൽ മുട്ടയിട്ടാൽ, ലാർവകളുടെ ആരോഗ്യത്തെ ബാധിച്ചേക്കാമെന്നും മനസ്സിലാക്കിയാണ് പെൺ നിശാശലഭങ്ങൾ മുട്ടയിടാനുള്ള ചെടി തീരുമാനിക്കുകയും ചെയ്തത്.

ഇത്തരം പല പരീക്ഷണങ്ങൾക്കൊടുവിൽ, സസ്യങ്ങൾ ആശയവിനിമയം നടത്തുന്നുണ്ടെന്ന് ഗവേഷകർക്ക് മനസ്സിലാക്കാനായി. മനുഷ്യർക്ക് നേരിട്ട് അപ്രാപ്യമാണെങ്കിലും സസ്യങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ വവ്വാലുകൾ, എലി


കൾ, പ്രാണികൾ തുടങ്ങിയ വിവിധ ജീവികൾക്ക് കേൾക്കാൻ സാധ്യതയുണ്ടെന്നാണ് ഗവേഷകർ പറയുന്നത്. അതായത് പലജീവികളും സസ്യങ്ങളും തമ്മിൽ ആശയവിനിമയം നടത്തുന്നുണ്ടാകാമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

പ്രൊഫ. ലിലാച്ച് ഹഡാനി തങ്ങളുടെ കണ്ടെത്തൽ ലോകത്തോട് പറഞ്ഞത് ഇങ്ങനെയായിരുന്നു ''നമുക്ക് ചുറ്റുമുള്ള ലോകം സസ്യങ്ങളുടെ ശബ്ദങ്ങളാൽ നിറഞ്ഞിരിക്കുന്നു. ഈ ശബ്ദങ്ങളിൽ സസ്യങ്ങൾക്ക് ജല ദൗർലഭ്യം അല്ലെങ്കിൽ എന്തെങ്കിലും തരത്തിലുള്ള കേടുപാടുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ/സൂചനകൾ അടങ്ങിയിട്ടുണ്ടെന്ന് ഞങ്ങളുടെ കണ്ടെത്തലുകൾ സൂചിപ്പിക്കുന്നു. പ്രകൃതിയിൽ സസ്യങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ വവ്വാലുകൾ, എലികൾ, വിവിധ പ്രാണികൾ, ഒരുപക്ഷേ മറ്റ് സസ്യങ്ങൾ എന്നിവയുമായി ആശയവിനിമയം നടത്തുന്നുവെന്ന് ഞങ്ങൾ അനുമാനിക്കുന്നു. കാരണം ആ ജീവികൾക്ക് ഉയർന്ന ആവൃത്തിയിലുള്ള ശബ്ദങ്ങൾ കേൾക്കാനും വിവരങ്ങൾ കൃത്യമായി മനസ്സിലാക്കി പ്രവർത്തിക്കാനും കഴിയുന്നുണ്ട്.

ശരിയായ സാങ്കേതിക ഉപകരണങ്ങൾ നൽകിയാൽ (സസ്യങ്ങൾക്ക് ജലം ആവശ്യമുള്ളപ്പോൾ കർഷകരെ അറിയിക്കുന്ന സെൻസറുകൾ പോലുള്ളവ) മനുഷ്യർക്കും സസ്യങ്ങളെ അറിഞ്ഞ് പെരുമാറാൻ സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.''

ഗവേഷക സംഘത്തിൽ പ്രൊഫ. ലിലാച്ച് ഹഡാനിയെ കൂടാതെ സാഗോൾ സ്കൂൾ ഓഫ് ന്യൂറോസയൻസ് മേധാവിയും സ്കൂൾ ഓഫ് സുവോളജിയിലെയും സ്റ്റെയിൻഹാർഡ് മ്യൂസിയം ഓഫ് നാച്ചുറൽ ഹിസ്റ്ററിയിലെയും ഫാക്കൽറ്റി അംഗവുമായ പ്രൊഫ. യോസി യോവൽ, ഗവേഷണ വിദ്യാർത്ഥികളായ ഇറ്റ്ഷാക്ക് ഖൈറ്റ്, ഒഹാദ് ലെവിൻ എപ്സ്റ്റൈൻ എന്നിവരും പങ്കാളികളായിരുന്നു. ടെൽ അവീവ് സർവകലാശാലയുടെ കീഴിൽ വരുന്ന റെയ്മണ്ട് & ബെവർലി സാക്ലർ സ്കൂൾ ഓഫ് മാത്തമാറ്റിക്കൽ സയൻസസ്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സെറിയൽ ക്രോപ്സ് റിസർച്ച്, സാഗോൾ സ്കൂൾ ഓഫ് ന്യൂറോസയൻസ്തുടങ്ങിയ ഡിപ്പാർട്ട് മെന്റുകളിലെ ഗവേഷകരും ഈ പഠനത്തിൽ സഹകരിച്ചു.







# കാററിനെയറിയുന്നു

പ്രതാപൻ അഴീക്കോട്

മൂത്തു പഴുത്തൊരു മാമ്പഴം മണ്ണിൽ
വീഴ്ത്തിയതാരെന്ന് ചോദിക്കെ,
കണ്മണിയോടമ്മ ചൊല്ലുന്നു:
മാമ്പഴം കാററല്ലോ താഴെ വീഴ്ത്തി!
നീര് നിറഞ്ഞൊരു മേഘങ്ങൾ വാനിൽ
വേഗത്തിലെങ്ങനെ പായുന്നു?
അമ്മതൻ ഉത്തരം: കാർമുകിൽ കൂട്ടം
കാറ്റിന്റെ കൈപിടിച്ചോടുന്നു!
മൂവന്തി നേരത്ത് പൂവിട്ട മുല്ലതൻ
നറുമണമെങ്ങനെ ദൂരെയെത്തി?
ചോദ്യത്തിനുത്തരമുണ്ടപ്പൊഴും;
ചോരനെപ്പോലത് കാറ്റ് ചോർത്തി!
മാനത്ത് പട്ടമുയർത്തി വിടുന്നതും
അപ്പൂപ്പൻ താടിയെ തോളിലേററുന്നതും
കാറ്റിന്റെ കളിവിളയാട്ടമല്ലോ
കാണാമറയത്തെ കുസൃതിയല്ലോ!
കണ്ണാലെ കാണുവാൻ വയ്യെങ്കിലും
എപ്പോഴും കാററടുത്തുണ്ടല്ലോ
എവിടെയും കാറ്റ് ചെന്നീടുമല്ലോ
എല്ലാരും കാററിനെയറിയുമല്ലോ!



വര: സുജിത്ത് വാസുദേവൻ

# ഒരു കരിമിണിമാലയിൽനിന്ന് കല്ലുമാല സമരചരിത്രത്തിലേക്ക്

**അഗസ്റ്റിൻ കുട്ടനെല്ലൂർ**

ലിറ്റിൽ ഫ്ളവർ ഗേൾസ് സ്കൂളിൽ അന്നൊരു ആഘോഷം നടക്കാൻ പോകുകയാണ്. അന്നേദിവസം പെൺകുട്ടികൾ നന്നായി അണിഞ്ഞൊരുങ്ങി വന്നിരുന്നു; പ്രത്യേകിച്ച് മത്സരത്തിൽ പങ്കെടുക്കുന്നവർ. 'മിസ് ലിറ്റിൽ ഫ്ളവറിനെ' തിരഞ്ഞെടുക്കുന്നത് അന്നുച്ചയ്ക്ക് ഒരുമണിക്കാണ്. ഉച്ചവരെ ക്ലാസ്. എങ്കിലും കുട്ടികൾ ലിറ്റിൽ സുന്ദരിയെ തിരഞ്ഞെടുക്കുന്ന പരിപാടിയുടെ ലഹരിയിലായിരുന്നു.

ഹൈസ്കൂൾ മുതലുള്ള ഏതുകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരു മാസം മുൻപുതന്നെ പരിപാടിയുടെ അറിയിപ്പു കൊടുത്തിരുന്നതിനാൽ ഓരോ ക്ലാസിൽ നിന്നും ആരൊക്കെയാണ് പങ്കെടുക്കുന്നതെന്ന് സ്കൂളിൽ ഏറെക്കുറെ എല്ലാവർക്കും അറിയാമായിരുന്നു. പക്ഷെ 10 ബി ക്ലാസിൽ നിന്ന്, പേരുകൊടുക്കേണ്ടതിന്റെ തലേനാൾ വരെ ഒരു പെൺകുട്ടിയും മുന്നോട്ടുവന്നില്ല. ധൈര്യക്കുറവായിരുന്നു പ്രധാനപ്രശ്നം. അവസാനം ക്ലാസ് ടീച്ചർ ഷിമയുടെ നിർബന്ധപ്രകാരം രാധിക മനമില്ലാമനസ്സോടെ തയ്യാറായി.

പരിപാടിയുടെ അന്ന് രാവിലെ ഷിമടീച്ചർ ക്ലാസിൽ വന്നപ്പോൾ കുട്ടികളെല്ലാം മ്ലാനമായി ഇരിക്കുന്നതാണ് കണ്ടത്. രാധിക ഡസ്കിൽ കൈകൾ മടക്കിവച്ച് തലചായ്ച്ച് താഴേക്കുനോക്കി കിടക്കുന്നു.



"ഇന്നെന്തുപറ്റി എല്ലാവർക്കും. രാധികേ, ഉച്ചയ്ക്ക് പരിപാടിയുള്ളതല്ലേ?"

"രാധിക പങ്കെടുക്കുന്നില്ല ടീച്ചർ."

കുട്ടികളിൽ ചിലർ പറഞ്ഞു. ടീച്ചർ ഉത്കണ്ഠയോടെ രാധികയുടെ അരികിലേക്കു ചെന്ന് അവളുടെ ചുമലിൽ കൈവച്ചുകൊണ്ട് വിളിച്ചു,

"രാധിക; നിനക്കെന്താ പറ്റിയത്. ഇന്ന് മത്സരമുള്ളതല്ലേ?"

അവൾ തലയുയർത്തി, ചുവന്നുവിതുമ്പിയ കണ്ണുകളോടെ ഷിമടീച്ചറെ നോക്കിക്കൊണ്ട് എഴുന്നേറ്റു. ഒന്നും സംസാരിക്കാനുള്ള ശേഷിയില്ലായിരുന്നു അവൾക്ക്. ആരും ഒന്നും മിണ്ടിയില്ല.

"ആരെങ്കിലും ഒന്നുപറയൂ. എന്താ ഉണ്ടായത്?"

ഉത്കണ്ഠയും നിരാശയും കലർന്ന സ്വരത്തിൽ ടീച്ചർ മറ്റുള്ളവരോടായി പറഞ്ഞു. കുട്ടികൾ മുഖത്തോടുമുഖം നോക്കി. പിന്നെ, രാധികയുടെ അരികിലിരുന്ന അവളുടെ കൂട്ടുകാരി മടിച്ചുമടിച്ച് എഴുന്നേറ്റു.

"ടീച്ചറേ, ഇന്നലെ ഒരു കാര്യമുണ്ടായി. ഉച്ചയ്ക്ക് ഊണു കഴിഞ്ഞ നേരത്ത് ഞങ്ങൾ

കൈകഴുകി വരുമ്പോൾ നമ്മുടെ പിടി മാഷ് ഇവളെ വരാന്തയിൽ വച്ച് കളിയാക്കി.''

''എന്തിന്?'' ഷിമടീച്ചർ ചോദിച്ചു.


''മിസ് ലിറ്റിൽ ഫ്ളവർ ആയി മത്സരിക്കാൻ ഇവൾക്ക് എന്താ യോഗ്യത എന്ന് മാഷ് ചോദിച്ചു.''

ആ വാക്കുകൾ ടീച്ചറെ തളർത്തി.

''മാഷ് എന്തുപറഞ്ഞാ കളിയാക്കിയത്. തെളിയിച്ചു പറയൂ.''

''ടീച്ചറേ, ഇവൾക്ക് ഈയൊരു കരിമണിമാല മാത്രമേയുള്ളൂ.'' രാധികയുടെ കഴുത്തിലേക്കു ചൂണ്ടിക്കൊണ്ട് കൂട്ടുകാരി തുടർന്നു,

''ഈ കറുത്ത മാലയിട്ടുകൊണ്ടാണോ നീ മത്സരിക്കുന്നത് എന്നും നിന്നെപ്പോലെ താഴ്ന്ന ജാതിയിൽപ്പെട്ടവളും ഇതുപോലുള്ള കരിമണി മാല മാത്രം ഇട്ട, നിറമില്ലാത്ത പെൺകുട്ടികൾക്ക് മത്സരിക്കാനുള്ളതല്ല ഇതെന്നും, ഇത് നല്ല കുടുംബത്തിലെ പെൺകുട്ടികൾക്കുള്ള മത്സരമാണ് എന്നൊക്കെ പറഞ്ഞാ പി.ടി. മാഷ് ഇവളെ കളിയാക്കിയത്.'' കൂട്ടുകാരികൾ അത്രയും പറഞ്ഞപ്പോഴേക്കും രാധിക വിങ്ങിപ്പൊട്ടി. ഷിമടീച്ചർ ഒരു നിമിഷം വിടർന്ന കണ്ണുകളോടെ താൻ കേട്ടത് വിശ്വസിക്കാനാകാതെ സ്തബ്ധയായിനിന്നു. എന്തു പറഞ്ഞാണ് രാധികയെ ആശ്വസിപ്പിക്കേത് എന്നറിയാതെ ടീച്ചർ അവളെ ചേർത്തുപിടിച്ചു.



ഒരു നിമിഷം നിശ്ശബ്ദയായി നിന്നശേഷം സംയമനം വീണ്ടെടുത്ത് രാധികയുടെ മുന്നിൽ നിന്നുകൊണ്ട് ടീച്ചർ സൗമ്യമായി പറഞ്ഞു,

''എവിടെ, ഞാനൊന്നു കാണട്ടെ ആ കരിമണി മാല. അതൊന്നു ഊരിത്തരൂ രാധികേ'' അവൾ കണ്ണുകൾ തുടച്ച് തന്റെ കഴുത്തിൽ നിന്ന് ആ മാല ഊരിയെടുത്ത് ടീച്ചർക്കു കൊടുത്തു. ഷിമടീച്ചർ എല്ലാവർക്കും കാണാൻ പാകത്തിന് ആ മാലയുടെ രണ്ടറ്റത്ത് രണ്ടു കൈകൊണ്ട് ഉയർത്തിപ്പിടിച്ച് അതിലേക്കു സൂക്ഷിച്ചുനോക്കി. ചെറിയ കറുത്തകല്ലുകൾക്കോർത്തുകെട്ടിയ പോലെ ഒരു മാല! രാധികയോട് ഇരിക്കാൻ പറഞ്ഞിട്ട് ഷിമടീച്ചർ ആ മാല ഉയർത്തിപ്പിടിച്ച് ഏതാനും നിമിഷങ്ങൾ അങ്ങനെ നിന്നു.

**"കുട്ടികളെ... ഈ കരിമണിമാല വെറുമൊരു മാലയല്ല. ഒരു കാലത്ത് നമ്മുടെ ചരിത്രത്തിൽ വലിയ കോളിളക്കമുണ്ടാക്കിയ കല്ലുമാലയാണ്!"**

ടീച്ചറുടെ മുഖഭാവം കണ്ടിട്ട് കുട്ടികൾ നിശ്ശബ്ദരായി. തന്റെ മനസ്സിൽ ആ നിമിഷങ്ങളിൽ ഇരമ്പിവന്നത് എങ്ങനെ തുടങ്ങണം എന്നോർത്ത് ടീച്ചർ ആ മാല കയ്യിലേന്തി ക്ലാസിൽ രണ്ടുതവണ നടന്നു. ക്ലാസിൽ വല്ലാത്തൊരു മൂകത നിറഞ്ഞുനിന്നു. പിന്നെ ഒന്നു നിന്നശേഷം ടീച്ചർ പറഞ്ഞു.

''കുട്ടികളെ... ഈ കരിമണിമാല വെറുമൊരു മാലയല്ല. ഒരു കാലത്ത് നമ്മുടെ ചരിത്രത്തിൽ വലിയ കോളിളക്കമുണ്ടാക്കിയ കല്ലുമാലയാണ്''!

ഒന്നും പിടികിട്ടാതെ കുട്ടികൾ ടീച്ചറുടെ മുഖത്തേക്ക് മിഴിച്ചുനോക്കി. എങ്ങനെ തുടങ്ങണം എന്ന ആശങ്കയോടെ ടീച്ചർ തുടർന്നു,

''ഞാൻ പഠിപ്പിക്കുന്നതും നിങ്ങൾ പഠിക്കുന്നതും ചരിത്രമാണ്. മൺമറഞ്ഞവരുടെ ചരിത്രത്തിൽനിന്നാണ് ഇന്നത്തെ ഇതുപോലുള്ള പല വേദനകളെയും മറികടക്കാനുള്ള ഊർജ്ജം നമുക്ക് ലഭിക്കേണ്ടത്. ഇന്ന് നമ്മുടെ രാധിക അവഹേളിക്കപ്പെട്ടതിനേക്കാൾ എത്രയോ മോശമായി പണ്ട് നമ്മുടെ സ്ത്രീകൾ അവഹേളിക്കപ്പെട്ടിരുന്നു.''

കുട്ടികൾ ഷിമടീച്ചറുടെ മുഖത്തേക്ക് മിഴിച്ചുനോക്കിയിരുന്നു. ടീച്ചർ പുതിയൊരു വിഷയം പറയുന്ന ആമുഖത്തോടെ തുടങ്ങി.

''19-ാം നൂറ്റാണ്ടിന്റെ പകുതിയിലേറെക്കാലം വരെ കേരള

ത്തിലെ പല വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും പെൺകുട്ടികൾക്കും മാറുമറയ്ക്കാൻ അവകാശമുണ്ടായിരുന്നില്ല എന്ന് നിങ്ങൾക്കറിയാമോ?''

ടീച്ചറുടെ ആ ചോദ്യം ക്ലാസ്മുറിയിൽ മുഴങ്ങി. പെൺകുട്ടികൾ അതിശയത്തോടെ പരസ്പരം ചൂളി നോക്കി. പിന്നെ, അവിശ്വസനീയമായ എന്തോ ഒന്നു കേട്ടപോലെ അവർ ടീച്ചർക്കു നേരെ നോട്ടമയച്ചു.

''ഇത് നാണിക്കേണ്ട കാര്യമല്ല. നമ്മുടെ ഈ കേരളത്തിലെ സ്ത്രീകൾ കാലങ്ങളോളം അനുഭവിച്ച അസഹനീയവും പ്രാകൃതവുമായ അവഹേളനത്തിന്റെ കഥയാണ്''ഒന്നുനിർത്തിയശേഷം ഷിമടീച്ചർ തുടർന്നു,

''1859ൽ നടന്ന 'ചാന്നാർ ലഹള' എന്ന മാറുമറയ്ക്കൽ സമരത്തോടെ പല ജാതിയിൽപ്പെട്ട സ്ത്രീകൾക്കും മാറുമറയ്ക്കാനുള്ള അവകാശം ലഭിച്ചെങ്കിലും പുലയർ, പറയർ, കുറവർ എന്നീ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് അർദ്ധനഗ്നരായി നടക്കാൻ തന്നെയായിരുന്നു വിധി. മാത്രമല്ല, തങ്ങൾ കീഴ്ജാതിയിൽപ്പെട്ടവരാണ് എന്ന് തിരിച്ചറിയപ്പെടാൻ വേണ്ടി കഴുത്തിൽ 'കല്ലുമാല' എന്നൊരു തരം ആഭരണം ആ സ്ത്രീകൾ അണിയണമായിരുന്നു!''

''ആഭരണം എന്നുപറയുമ്പോൾ നിങ്ങൾ ഉദ്ദേശിക്കുന്ന തരം ആഭരണമല്ല അത്. മിനുസമുള്ള ഒരു തരം കല്ല്; വെറും കല്ല് കറുത്ത ഒരു ചരടിൽ കോർത്തുകെട്ടി അവർ കഴുത്തിൽ അണിയണം. മാത്രമല്ല, കാതിലും കൈകളിലും വെറും ഇരുമ്പിന്റെ വളയങ്ങൾ ആഭരണങ്ങളായി ധരിക്കുകയും വേണം. കറുത്ത തുണിയല്ലാതെ മറ്റൊരു നിറത്തിലുള്ള വസ്ത്രങ്ങളും അവർക്ക് ഉടുക്കാൻ അവകാശമുണ്ടായിരുന്നില്ല!''

പെൺകുട്ടികൾക്കിടയിലൂടെ നടന്നാണ് ഷിമടീച്ചർ ഇത് വിവരിച്ചുകൊണ്ടിരുന്നത്. അവിശ്വനീയമായ ഒരു കഥ കേൾക്കുന്നപോലെ കുട്ടികൾ ടീച്ചറെ നോക്കിക്കൊണ്ടിരുന്നു.

''ഇങ്ങനെ അർദ്ധനഗ്നരായി കരിപുരണ്ട വേഷം ധരിച്ച് പ്രാകൃതരീതിയിൽ മാത്രം പുറത്തിറങ്ങാൻ അവകാശമുണ്ടായിരുന്ന കീഴാളസ്ത്രീകളുടെ ദുരിതകാലത്താണ് അയ്യങ്കാളി എന്നു പറയപ്പെടുന്ന ഒരു മഹാപ്രതിഭയുടെ ചരിത്രപ്രസിദ്ധമായ വരവ്!''

''നിങ്ങൾ കേട്ടിട്ടുണ്ടോ അയ്യങ്കാളിയെക്കുറിച്ച്?''കുട്ടികൾ നിഷ്കളങ്കമായി ഇല്ലെന്നു തലയാട്ടി. ടീച്ചർ തുടർന്നു,

''1863ൽ തിരുവനന്തപുരത്തെ വെങ്ങാനൂരിൽ ജനിച്ച, കേരളത്തിലെ, മഹാനായ ഒരു നവോത്ഥാന നായകനാണ് അയ്യങ്കാളി, 'വില്ലുവണ്ടി'സമരം പോലെ അദ്ദേഹം നയിച്ച അനേകം സമരങ്ങൾ വളരെ പ്രസിദ്ധമാണ്. ശരി, നമുക്ക് കല്ലുമാല വിഷയത്തിലേക്കു വരാം.''

''അയ്യങ്കാളിയുടെ



വര: ബൈജു എം പ്രഭ

ആഹ്വാനമനുസരിച്ച് കൊല്ലത്തെ പെരിയനാട്ടിലെ കീഴാളസ്ത്രീകൾ ഞങ്ങളുടെ അപമാനത്തിന്റെ അടയാളമായ കല്ലുമാല പൊട്ടിച്ചെറിയാൻ തുടങ്ങി. ആ സമരകാഹളം പിന്നീട് പ്രാക്കുളം, തഴവാ, അഞ്ചാലംമൂട്, കറുവ, പനയം എന്നിവിടങ്ങളിലേക്കും അതിവേഗം പടർന്നു.''ഒന്നുനിർത്തിയശേഷം ടീച്ചർ ചോദിച്ചു,

''നിങ്ങൾ വിചാരിക്കുന്നുണ്ടോ ആ സ്ത്രീകൾക്ക് എളുപ്പത്തിൽ ആ മാല അറുത്തെറിയാൻ കഴിയുമെന്ന്.''കുട്ടികൾ ഉത്കണ്ഠയോടെ ഷിമടീച്ചറെ നോക്കി. ടീച്ചർ തുടർന്നു,

''ഉയർന്ന ജാതിയിൽപ്പെട്ട പുരുഷന്മാർക്ക് ഈ വാർത്ത സഹിക്കാൻ കഴിയുന്നതിലും അപ്പുറത്തായിരുന്നു. അവർ, കല്ലുമാല പൊട്ടിച്ചെറിയുന്ന കീഴാളസ്ത്രീകളെ മൃഗീയമായി ആക്രമിക്കാൻ തുടങ്ങി! അവരുടെ കൂരകൾക്കു തീ കൊളുത്തി! ആത്മരക്ഷയ്ക്കുവേണ്ടി കീഴാളരായ പുരുഷന്മാരും പ്രത്യാക്രമണത്തിന് ഒരുങ്ങി. ഈ സംഘർഷങ്ങളുടെ നടുവിലേക്കാണ് അയ്യങ്കാളി എന്ന സമരനായകൻ എത്തുന്നത്!''

ടീച്ചറുടെ ശബ്ദത്തിന് ആവേശത്തിന്റെ ഉണർവ്വ് കൈവന്നു. കുട്ടികൾ ഉത്കണ്ഠ വിട്ടുമാറാതെ ടീച്ചർക്കു കാതോർത്തു.

''1915ലാണ് ഈ ആത്മാഭിമാനസമരം അരങ്ങേറുന്നത്. സംഘർഷങ്ങൾ ഉടലെടുത്ത സ്ഥലത്തേക്ക് അയ്യങ്കാളിയെത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സമാധാനയോഗം വിളിച്ചുകൂട്ടി. സാമൂഹ്യപ്രവർത്തകരും പുരോഗമനആശയക്കാരും അദ്ദേഹത്തിനു പിന്തുണ നൽകി. ആ യോഗത്തിൽ അദ്ദേഹം ഉജ്ജ്വലമായൊരു പ്രസംഗം നടത്തി. പ്രസംഗത്തിനൊടുവിൽ അയ്യങ്കാളി പറഞ്ഞത്, തിരുവിതാംകൂറിൽ സാമൂഹ്യമുന്നേറ്റത്തിന്റെ ഭാഗമായി കീഴാളസ്ത്രീകൾ, കല്ലുമാല ഉപേക്ഷിച്ച് മുണ്ടും ജാക്കറ്റും (റൗക്ക) ധരിച്ച് വൃത്തിയായി നടക്കാൻ തുടങ്ങിയിട്ടുണ്ട്. അതിനാൽ ഈ യോഗത്തിൽ വന്നിട്ടുള്ള എന്റെ സഹോദരികളും കല്ലുമാല ഉപേക്ഷിക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു എന്നാണ്.''ഒന്നു നിർത്തിയശേഷം ഷിമടീച്ചർ തുടർന്നു ചോദിച്ചു,

''എന്തായിരുന്നു അദ്ദേഹത്തിന്റെ ആഹ്വാനത്തിന്റെ ഫലം''? കുട്ടികൾ വിടർന്ന കണ്ണുകളോടെ ടീച്ചറെ അത്ഭുതത്തോടെ നോക്കിയിരുന്നു.

''പ്രസംഗത്തിനുശേഷം അയ്യങ്കാളി രണ്ടു സ്ത്രീകളെ വേദിയിലേക്കു ക്ഷണിച്ച് കല്ലുമാല പൊട്ടിച്ചെറിയാൻ ആവശ്യപ്പെട്ടു. അവർ അരയിൽ കരുതിയിരുന്ന അരിവാളുകൊണ്ട് തങ്ങളുടെ കഴുത്തിലെ കല്ലുമാല അറുത്ത് ആ വേദിയിലിട്ടു! തുടർന്ന് ആ സമ്മേളനത്തിൽ പങ്കെടുത്ത നൂറുകണക്കിന് കീഴാളസ്ത്രീകൾ അവരുടെ കല്ലുമാലയും ജാതി അടയാളങ്ങളും ഊരി വലിച്ചെറിഞ്ഞു!''

ടീച്ചർ പറഞ്ഞുനിർത്തി. ക്ലാസിൽ തികഞ്ഞ നിശ്ശബ്ദത പരന്നു. രാധിക കണ്ണിമവെട്ടാതെ ടീച്ചറെത്തന്നെ നോക്കിയിരുന്നു. അല്പനേരത്തെ മൗനത്തിനുശേഷം ടീച്ചർ ചോദിച്ചു, ''ഇനി പറയൂ, ഈ മത്സരത്തിൽ രാധിക പങ്കെടുക്കണോ വേണ്ടേ?''

''വേണം... ടീച്ചറേ... വേണം. രാധിക പങ്കെടുക്കണം.'' കുട്ടികൾ ഒന്നടങ്കം പറഞ്ഞു. രാധിക വിഷാദംകലർന്ന ഒരു പുഞ്ചിരിയോടെ അതുകേട്ടിരുന്നു. പെട്ടെന്ന് പുറകിൽ നിന്ന് ഒരു പെൺകുട്ടി എഴുന്നേറ്റുനിന്നു പറഞ്ഞു,

''ടീച്ചറേ, എന്റെ ഈ മാല ഞാനവൾക്ക് ഇടാൻ കൊടുക്കാം.''അതൊരു തുടക്കമായിരുന്നു. പിന്നെ പ്രതീക്ഷിക്കാതെ മറ്റൊരു പെൺകുട്ടി എഴുന്നേറ്റുനിന്നു.''എന്റെ ഈ കമ്മലുകളും പരിപാടിക്ക് അവൾ ഇട്ടോട്ടെ ടീച്ചറേ.''

ആശങ്കയോടെ രാധിക മടിച്ചുമടിച്ച് എഴുന്നേറ്റുനിന്ന് തന്റെ കഴുത്തിലെ കരിമണിമാലയിൽ തെരുപിടിപ്പിച്ചുകൊണ്ടുചോദിച്ചു''മത്സരത്തിന് പോകുമ്പോ ഞാൻ ഈ കരിമണിമാല ഊരിവയ്ക്കണോ ടീച്ചർ?''

''വേണ്ട! അത് ഊരരുത്. അതും കൂടെ ഇട്ടുകൊണ്ടുവേണം നീ മത്സരത്തിൽ പങ്കെടുക്കാൻ. ഇന്ന് ഒരു ആഭരണവും ഒരു വസ്ത്രവും ഒരു നിറവും ആരേയും ഉയർന്നവരെന്നോ താഴ്ന്നവരെന്നോ ആയി ചിത്രീകരിക്കുന്നില്ല. നീ ധൈര്യമായി പങ്കെടുക്ക്.''

ഷിമടീച്ചർ അവളുടെ ചുമലിൽ കൈവച്ചുകൊണ്ടു പറഞ്ഞു. അപ്പോഴേക്കും ബെല്ലടിച്ചു. ക്ലാസിൽ സന്തോഷത്തിന്റെ ഒരു പ്രസരിപ്പ് ഒരിളം കാറ്റുപോലെ പടർന്നു. തന്റെ വാക്കുകൾ കുട്ടികളിൽ കൊളുത്തിയ ആത്മവിശ്വാസത്തിന്റെ തെളിച്ചം തിരിച്ചറിഞ്ഞ ഷിമടീച്ചർ അഭിമാനത്തോടെ ക്ലാസ്മുറിവിട്ടു പുറത്തിറങ്ങി.

**"ഉയർന്ന ജാതിയിൽപ്പെട്ട പുരുഷന്മാർക്ക് ഈ വാർത്ത സഹിക്കാൻ കഴിയുന്നതിലും അപ്പുറത്തായിരുന്നു. അവർ, കല്ലുമാല പൊട്ടിച്ചെറിയുന്ന കീഴാളസ്ത്രീകളെ മൃഗീയമായി ആക്രമിക്കാൻ തുടങ്ങി!"**



# ഒരു തവളക്കഥ

**പള്ളിയറ ശ്രീധരൻ**

വര: എൻ ജി സുരേഷ് കുമാർ പുല്ലങ്ങടി

ഒരു നദീതീരത്ത് കുറേ തവളകൾ ഉണ്ടായിരുന്നു. അവർ നദിയിൽ നീന്തിക്കളിക്കും.

ഒന്നിച്ചു സഞ്ചരിക്കും. സന്തോഷകരമായ ജീവിതം തന്നെ. ഒരുദിവസം അവർ ഒരു മരത്തിന്റെ അരികിലെത്തി. കൂട്ടത്തിൽ ഒരു തവള പറഞ്ഞു. ''ദാ മരത്തിനു മുകളിൽ ഒരണ്ണാൻ നല്ല പഴുത്ത പഴം തിന്നുന്നു. ഞാനും മരത്തിന്റെ മുകളിൽ കയറും. മുകളിലുള്ള പഴം പറിക്കും. നമുക്ക് നല്ല പഴം കഴിക്കാം.'' അവർ ആ തവളയെ കളിയാക്കി. ''പഴം മരത്തിന്റെ വളരെ മുകളിലാണ് നിനക്ക് കയറാൻ കഴിയില്ല.'' പതുക്കെ തവള മരത്തിൽ കയറാൻ തുടങ്ങി. മറ്റു തവളകൾ കയറരുത് എന്ന് പറഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ തവള മരത്തിന്റെ മുകളിലെത്തി പഴം പറിച്ചു. താഴെ ഇട്ടു. അവരുടെ നിരുത്സാഹപ്പെടുത്തുന്ന വാക്കുകളൊന്നും തവള കേട്ടില്ല. ലക്ഷ്യം നിറവേറ്റും എന്ന ദൃഢവിശ്വാസം തവളയ്ക്ക് മുന്നോട്ടു കയറാൻ പ്രചോദനമായി. നമ്മുടെ മുന്നിൽ നല്ല ഒരു ലക്ഷ്യമുണ്ടെങ്കിൽ, അതു നേടാൻ സാധിക്കുമെന്ന് വിശ്വാസമുണ്ടെങ്കിൽ എതിർപ്പുകളെ പരിഗണിക്കരുത്.



# എന്റെ വായന

**ശ്രീജ ചന്ദ്രോത്ത്**




ഒരുവാക്ക് കേൾക്കുമ്പോൾ
ഒരുസ്വപ്നം കാണാം
ഒരു വാക്യം തീർക്കുമ്പോൾ
അതിലൂയലാടാം

ഒരു കഥനീ പറയുമ്പോൾ
ഒരുലോകം കാണാം
ഒരു കവിത ചൊല്ലുമ്പോൾ
കടലേഴും കാണാം

കാണാത്തതു കാണാനും
കേൾക്കാത്തതു കേൾക്കാനും
മൊഴിയാനും പാടാനും നീയുണ്ട് കൂടെ.

വഴിവെട്ടി മുന്നെ നടന്നു വെന്നാലും
തളരില്ല പിന്തിരിഞ്ഞകലില്ല തെല്ലും
അക്ഷരം കോർത്തെന്നിലണിയിച്ചമാല്യം
അത്രമേൽ പ്രിയമെനിക്കെന്റെ ലോകം.



# PATHER PANCHALI

## ഇന്ത്യൻ സിനിമയ്ക്ക് പുതുവഴി:

# പഥേർ പാഞ്ചാലിയുടെ

## എഴുപത് വർഷം

**വിനു എ**

എഴുപത് വർഷങ്ങൾക്ക് മുമ്പ് പുറത്തിറങ്ങിയ എക്കാലവും ഓർമിക്കപ്പെടുന്ന പഥേർ പാഞ്ചാലി ഇന്ത്യൻ സിനിമയ്ക്ക് പുതിയ പാത തുറന്നുനൽകിയ സിനിമയാണ്. ഇന്ത്യൻ സിനിമയിൽ സമാനതകളില്ലാത്ത പ്രതിഭയായ സത്യജിത് റേയുടെ ആദ്യ സിനിമയായ പഥേർ പാഞ്ചാലി നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. ഈ സിനിമ ബംഗാളിലെ ഒരു ഗ്രാമത്തിൽ നടന്ന കഥയാണ് പറയുന്നത്. എങ്കിലും മനുഷ്യന്റെ ജീവിതകഥയെ വൈകാരികമായി അവതരിപ്പിക്കുകയും ചെയ്യുന്നു. പരിമിതമായ സൗകര്യങ്ങൾ ഉണ്ടായിരുന്ന കാലത്ത് നിർമിച്ച ഈ സിനിമ ഇന്നും ക്ലാസിക്കായി തുടരുന്നു. ബിഭൂതിഭൂഷൻ ബന്ദോപാധ്യായയുടെ നോവലിനെ അടിസ്ഥാനമാക്കിയാണ് സിനിമ ഒരുക്കിയത്.


ഒരു പരസ്യക്കമ്പനിയിൽ ആർട്ടിസ്റ്റായി ജോലി ചെയ്യവേയാണ് സത്യജിത് റേ പഥേർ പാഞ്ചാലി വായിക്കുന്നത്. നോവലിനെ ചിത്രകഥാരൂപത്തിലാക്കുന്നതിനായുള്ള ചിത്രങ്ങൾ വരയുന്നതിനായിട്ടായിരുന്നു വായന തുടങ്ങിയത്. എന്നാൽ ദാരിദ്ര്യത്തിലും ദുരിതത്തിലും മനുഷ്യബന്ധങ്ങളുടെ സൗന്ദര്യവും നിഷ്കളങ്കതയും അദ്ദേഹത്തെ വല്ലാതെ ആകർഷിച്ചു. സിനിമയോടുള്ള അദ്ദേഹത്തിന്റെ അതിരുകളില്ലാത്ത ആഗ്രഹത്തിന് വഴി തുറക്കുകയായിരുന്നു.

സിനിമയിൽ യഥാർത്ഥ ജീവിതത്തെ വരച്ചിടുന്നതിനെയാണ് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നത്. വിറ്റോറിയോ ഡി സികയുടെ ബൈസിക്കിൾ തീവ്സ് അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. യഥാർത്ഥ ജീവിതം, യഥാർത്ഥ ലൊക്കേഷനുകൾ, സാധാരണക്കാരായ അഭിനേതാക്കൾ എന്നിവ ഉപയോഗിച്ച് സിനിമ ചെയ്യാനുള്ള പ്രചോദനം ഇത്തരം സിനിമകളിൽ നിന്നാണ് ലഭിച്ചത്.

1949ൽ ഫ്രഞ്ച് ചലച്ചിത്ര സംവിധായകൻ ജീൻ റെനോയർ തന്റെ 'ദ റിവർ' എന്ന സിനിമയുടെ ചിത്രീകരണത്തിനായി കൊൽക്കത്തയിലെത്തി. ഈ സമയത്ത് തന്റെ സിനിമാമോഹങ്ങളെക്കുറിച്ച് റെനോയിറുമായി സംസാരിക്കാൻ റേയ്ക്ക് അവസരം ലഭിച്ചു. റേയുടെ ആശയങ്ങൾ കേട്ട റെനോയിർ അദ്ദേഹത്തെ സിനിമ ചെയ്യാൻ പ്രോത്സാഹിപ്പിച്ചു. അത് റേയ്ക്ക് കൂടുതൽ കരുത്ത് നൽകി.

**സ്നേഹം, സൗന്ദര്യം**

1920 കളിലെ ബംഗാൾ ഗ്രാമത്തെയാണ് പഥേർ പാഞ്ചാലിയിൽ അവതരിപ്പിക്കുന്നത്. ബിഭൂതിഭൂഷൻ ബന്ദോപാ












ധ്യായ 1928ൽ രചിച്ച നോവൽ നിശ്ചിന്തപൂർ ഗ്രാമത്തിലെ ബ്രാഹ്മണപണ്ഡിതനായ ഹരിഹരറായിയുടെയും കുടുംബത്തിന്റെയും കഥയാണ് പറയുന്നത്. ദാരിദ്ര്യത്താൽ കഷ്ടപ്പെടുന്ന കുടുംബമാണ് അദ്ദേഹത്തിന്റേത്. മതപരമായ ചടങ്ങുകൾ നടത്തുന്നതിൽ നിന്നും കിട്ടുന്ന ചെറിയ തുക കൊണ്ടാണ് അദ്ദേഹം കുടുംബം പുലർത്തുന്നത്.

ഹരിഹറിന്റെയും സർബജയയുടെയും മക്കളായ ദുർഗയെയും അപുവിനെയും ചുറ്റിപ്പറ്റിയാണ് കഥ നീങ്ങുന്നത്. അയൽവീടുകളിലെ പറമ്പിൽ നിന്നും മാങ്ങയും പേരയ്ക്കയുമൊക്കെ ദുർഗ മോഷ്ടിക്കുമായിരുന്നു. അതിന്റെ പേരിൽ സർബജയക്ക് അയൽവീട്ടുകാരുമായി വഴക്കിടേണ്ടിവരുന്നുണ്ട്.

കുടുംബത്തിന്റെ ചെലവുകൾ നിർവഹിക്കാനാവാതെ സർബജയ കഷ്ടപ്പെടുന്നു. നഗരത്തിലേക്ക് തൊഴിൽ തേടി പോയ ഹരിഹറിനെക്കുറിച്ച് യാതൊരു വിവരവുമില്ല. ഹരിഹറിന്റെ ഒരകന്ന ബന്ധുവായ ഇന്ദിർ താക്നൂറും അവർക്കൊപ്പം താമസിക്കുന്നുണ്ട്. അവർക്കൊപ്പം ദുർഗ നടക്കുന്നതിലും സർബജയക്ക് ദേഷ്യമുണ്ട്.

**ഗ്രാമത്തിന്റെ കാഴ്ചകൾ**

പഥേർ പാഞ്ചാലി അക്കാലത്തെ ദാരിദ്ര്യത്തിന്റെ ആഴം എത്രയെന്ന് അറിയിക്കുന്നതാണ്. ഗ്രാമത്തിന്റെ വിവിധ ദൃശ്യങ്ങളിലൂടെ കൂടിയാണ് അത് അവതരിപ്പിക്കപ്പെടുന്നത്. വിവിധ ഇടങ്ങളിലൂടെയുള്ള ദുർഗയുടെയും അപുവിന്റെയും ഇന്ദിറിന്റെയും യാത്രകൾ സുന്ദരമായാണ് അവതരിപ്പിച്ചിട്ടുള്ളത്. ദുർഗയും അപുവും ഗ്രാമത്തിന്റെ അതിർത്തിയിലേക്ക് പോകുന്നതും കടന്നുപോകുന്ന ട്രെയിൻ കാണുന്നതുമൊക്കെ ആകർഷണീയമായാണ് അവതരിപ്പിച്ചിട്ടുള്ളത്. പ്രേക്ഷകരും ആദ്യമായി ട്രെയിൻ കാണുന്നുവെന്ന് തോന്നിക്കും വിധത്തിൽ അത്രമേൽ ആ രംഗം ചേർന്നുനിൽക്കും.

അയൽക്കാരിലൊരാളായ സോജോബാവു ഒരു ദിനം ഹരിഹറിന്റെ വീട്ടിലെത്തി സർബജയയെയും ദുർഗയെയും ചീത്ത പറയുന്നു. അവരുടെ മകൾ രാണുവിന്റെ നെക്ലേസ് ദുർഗ കട്ടെടുത്തെന്ന് പറഞ്ഞായിരുന്നു വഴക്ക്. സർബജയ ദുർഗയുടെ പെട്ടിയിലും മറ്റും പരിശോധന നടത്തിയെങ്കിലും നെക്ലേസ് ലഭിക്കുന്നില്ല. ജീവിത പ്രയാസങ്ങൾ ഏറിവന്നതോടെ അവർ വല്ലാത്ത സമ്മർദ്ദത്തിലാകുകയാണ്.

താമസിയാതെ പണവുമായി താൻ വീട്ടിലെത്തുമെന്ന ഹരിഹറിന്റെ കത്ത് വരുന്നതോടെ അവരിൽ പ്രതീക്ഷ വളരുന്നു. ഹരിഹറിനെ പ്രതീക്ഷിച്ച് ആ കുടുംബം കഴിയുന്ന ഘട്ടത്തിൽ ദുർഗ പനി പിടിച്ച് കിടപ്പിലാകുന്നു. ആ പനി ദുർഗയെ കൊണ്ടുപോകുന്നു. വലിയ സ്വപ്നങ്ങളുമായി തിരികെ ഗ്രാമത്തിലെത്തുന്ന ഹരിഹറിനെ എതിരേറ്റത് ദുർഗയുടെ മരണവാർത്തയാണ്.

സ്വപ്നങ്ങളെല്ലാം മാഞ്ഞുപോയ ആ കുടുംബം ഗ്രാമത്തിൽ നിന്നും പോകുവാൻ തീരുമാനിക്കുന്നു. വീട്ടിലെ സാധനങ്ങൾ കൊണ്ടുപോകുവാനായി കെട്ടുകളാക്കവേ അപുവിന് ആ നെക്ലേസ് കിട്ടുന്നുണ്ട്. അവൻ ആരെയും കാണിക്കാതെ അത് ഒളിപ്പിക്കുന്നു. അതിന് ദുർഗയുടെ അഭിമാനമുണ്ടായിരുന്നു. നിശ്ചിന്ത് പൂർ ഗ്രാമം വിട്ട് ഹരിഹറും കുടുംബവും യാത്രയാവുന്നിടത്ത്പഥേർ പാഞ്ചാലി അവസാനിക്കുന്നു.

പഥേർ പാഞ്ചാലി തുടർച്ചയായി രണ്ട് സിനിമകൾ കൂടി സത്യജിത് റേ

സംവിധാനം ചെയ്തു. ഗ്രാമത്തിൽ നിന്നും നഗരത്തിന്റെ ജീവിതത്തിലേക്കെത്തുന്ന അപുവിന്റെയും കുടുംബത്തിന്റെ കഥപറയുന്ന അപരാജിതോയാണ് രണ്ടാമത്തെ സിനിമ. ഹരിഹർ മരിക്കുന്നതും കുടുംബം കൂടുതൽ കഷ്ടതകളിലാവുന്നതും ഇതിൽ പ്രമേയമാവുന്നു. അഭ്യസ്തവിദ്യനായ അപുവിന്റെ ജീവിതത്തെ തേടുന്നതാണ് മൂന്നാമത്തെ സിനിമയായ അപുർ സൻസാർ. അപുത്രയമെന്ന പേരിൽ ഈ സിനിമകൾ അറിയപ്പെടാറുണ്ട്.

ഗ്രാമജീവിതത്തിന്റെ കഥയെന്ന നിലയിലാണ് പഥേർ പാഞ്ചാലി ശ്രദ്ധയാകർഷിക്കുന്നത്. സുന്ദരമായ ദൃശ്യങ്ങളിലൂടെയാണ് റേ ഈ സിനിമ അവതരിപ്പിച്ചത്. എന്നാൽ ഇന്ത്യൻ ഗ്രാമാവസ്ഥയെ മോശമായി ചിത്രീകരിച്ചുവെന്ന വിമർശനം സത്യജിത് റേയ്ക്കെതിരെ ഉയർന്നിരുന്നു. ആഗോളതലത്തിൽ സിനിമ ശ്രദ്ധിക്കപ്പെട്ടതിനെ തുടർന്നായിരുന്നു, ആ വിമർശനങ്ങൾ ഉയർന്നത്. എന്നാൽ ഗ്രാമീണജീവിതത്തെ അതിശക്തമായി അവതരിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. യാഥാർത്ഥ്യത്തോട് ചേർന്നു നിൽക്കുന്ന സിനിമ ഇന്നും ശ്രദ്ധേയമായി തുടരുന്നു.

കുടുംബബന്ധങ്ങളുടെ പ്രാധാന്യവും നിഷ്കളങ്കമായ ബാല്യവും ലാളിത്യത്തോടെ പകർത്തിയ സിനിമയാണ് പഥേർ പാഞ്ചാലി. പ്രകൃതിയോടൊപ്പം മനുഷ്യർ ഇഴുകിച്ചേർന്ന് ജീവിക്കുന്നതിന്റെ പ്രാധാന്യവും സിനിമ പറയുന്നുണ്ട്. പണ്ഡിറ്റ് രവിശങ്കർ ഒരുക്കിയ സംഗീതം വൈകാരികമായി അനുഭവപ്പെടുന്നതാണ്. നവതരംഗസിനിമകളുടെ തുടക്കമെന്ന് അടയാളപ്പെടുത്തപ്പെടുമ്പോഴും കാലത്തെ അതിജീവിച്ചുകൊണ്ട് ഈ സിനിമ മുന്നോട്ട് പോകുന്നുവെന്ന് പറയാം.

## സത്യജിത്റേ




ഇന്ത്യൻ സിനിമയിലെ എക്കാലത്തെയും മികച്ച ചലച്ചിത്രകാരന്മാരിലൊരാളാണ് സത്യജിത് റേ. 1921ൽ കൊൽക്കത്തയിലാണ് റേ ജനിച്ചത്. വിശ്വഭാരതി സർവകലാശാലയിൽ പഠനം പൂർത്തിയാക്കിയ ശേഷം പരസ്യ ഏജൻസിയിൽ ഗ്രാഫിക് ഡിസൈനറായി അദ്ദേഹം ജോലി ചെയ്തു. സിനിമയിൽ പ്രവർത്തിക്കാനായി ജോലി ഉപേക്ഷിച്ചു.


ആദ്യസിനിമയായ പഥേർ പാഞ്ചാലി സാമ്പത്തിക വിജയമായിരുന്നില്ലെങ്കിലും ആഗോളതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടു. കാൻഫിലിം ഫെസ്റ്റിവലിൽ ബെസ്റ്റ് ഹ്യൂമൻ ഡോക്യുമെന്റ് അവാർഡ് നേടി. ചാരുലത, നായക്, ഗോപിഗയിൻ ബാഘ ബൈൻ, ജന അരണ്യ, തീൻ കന്യ, ഗണശത്രു, ആഗന്തുക് തുടങ്ങിയ അദ്ദേഹത്തിന്റെ സിനിമകളൊക്കെയും ശ്രദ്ധിക്കപ്പെട്ടു.



1992ൽ സിനിമയിലെ സമഗ്ര സംഭാവനകൾക്ക് ഓസ്കർ അവാർഡ് ലഭിച്ചത് സിനിമയിലുള്ള അദ്ദേഹത്തിന്റെ ആത്മസമർപ്പണം വെളിവാക്കുന്നതാണ്. അതേവർഷം തന്നെ രാജ്യം ഭാരതരത്ന നൽകി ആദരിക്കുകയും ചെയ്തു. ദേശീയ സിനിമാ അവാർഡ് 36 തവണ അദ്ദേഹത്തിന്റെ സിനിമകൾക്ക് ലഭിച്ചിട്ടുണ്ട്. ബ്രിട്ടീഷ് അക്കാദമി ഫിലിം അവാർഡ്സ്, സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ്, അകിറ കുറസോവ അവാർഡ്, ദാദാ സാഹെബ് ഫാൽകെ അവാർഡ് തുടങ്ങി നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

മികച്ച എഴുത്തുകാരനെന്ന നിലയിലും അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു. പ്രൊഫസർ ഷൊങ്കു, ഫെലൂദ തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്തമായ സൃഷ്ടികളാണ്. കുട്ടികൾക്കായുള്ള അദ്ദേഹത്തിന്റെ കഥകളും ജനപ്രിയമാണ്. 1992 എപ്രിൽ 23ന് സത്യജിത് റേ അന്തരിച്ചു.









# പൂവ് പറഞ്ഞത്

മുഹമ്മദ് ബിഷ്റുൽ ഹാഫി





പൂവ് പറഞ്ഞത് കേട്ടില്ലേ
എന്നെ നുള്ളിയെടുക്കല്ലേ
പൂന്തേനൊത്തിരി നൽകീടാം
പൂമ്പൊടിയെങ്ങും വിതറീടാം
വണ്ടുകളെ,പൂമ്പാറ്റകളെ
വിരുന്നൊരുക്കി വിളിച്ചീടാം
കാറ്റിൽ പൂമണമേറ്റി വരാം
കുഞ്ഞുമനസ്സിന് കുളിരേകാം.



വര: സൂരജ് കക്കറയിൽ

# മണിച്ചിറക്കാട്ടിലെ മത്സരം

അഷ്റഫ് കുരുവട്ടൂർ



എല്ലാ കാട്ടിലെയും പോലെ മണിച്ചിറക്കാട്ടിലും സിംഹം തന്നെയായിരുന്നു രാജാവ്. ആ കാട്ടിലാണെങ്കിൽ ഒരു സിംഹം മാത്രമേ ഉായിരുന്നുള്ളൂ. ആദ്യമൊക്കെ രാജാവ് ദയാലുവായിരുന്നു. ശത്രുക്കളിൽ നിന്ന് മറ്റു മൃഗങ്ങളെയെല്ലാം രക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട് എല്ലാ മൃഗങ്ങളും സിംഹ രാജാവിനെ ദൈവത്തെ പോലെയാണ് കരുതിയിരുന്നത്. മറ്റു കാടുകളിലെ മൃഗങ്ങൾക്ക് എല്ലാം സിംഹരാജാവിനെ ഭയവുമായിരുന്നു. വീരശൂരപരാക്രമിയായിരുന്ന സിംഹരാജാവിന് മണിച്ചിറക്കാട് ഉള്ളം കയ്യിൽ ഭദ്രമായിരുന്നു.

വർഷങ്ങൾ പിന്നിട്ടപ്പോൾ സിംഹരാജാവിന്റെ സ്വഭാവത്തിൽ വലിയ മാറ്റങ്ങൾ പ്രകടമായിത്തുടങ്ങി. മണിച്ചിറക്കാട്ടിലെ തന്റെ പ്രജകളായ മൃഗങ്ങളെയും ആക്രമിക്കാനും വേട്ടയാടാനും കൊന്ന് തിന്നാനും തുടങ്ങി. ഇത് മണിച്ചിറക്കാട്ടിലെ മൃഗങ്ങൾക്കിടയിൽ വലിയ ഭീതി പരത്തി. രാജാവ് മൃഗങ്ങളെ സംരക്ഷിക്കുന്നതിന് പകരം കൊന്നു തിന്നുന്നത് മൃഗങ്ങൾക്കിടയിൽ വലിയ ചർച്ചയായി. മുയലുകളും മാനുകളുമൊന്നും തീരെ പുറത്തിറങ്ങാതായി. ധൈര്യമായി ഭക്ഷണം തേടിപ്പോകാൻ സാധിക്കാത്തതിനാൽ എല്ലാവരും തളർന്നുപോയി. അസഹ്യമായ വിശപ്പു മൂലം ചില മൃഗങ്ങളുടെ ജീവൻ പോലും നഷ്ടമായി. വിശപ്പിനും മരണത്തിനുമിടയിലുള്ള നൂൽപ്പാലത്തിൽ സഞ്ചരിക്കുന്ന കഠിനമായ സാഹചര്യം നിലനിന്നു.

വിശപ്പ് സഹിക്കാനാവാതെ പുറത്തിറങ്ങുന്ന മൃഗങ്ങളെയെല്ലാം സിംഹ രാജാവ് പിടിച്ചുകൊണ്ടുപോയി തുറങ്കലിൽ അടച്ചു. തനിക്ക് വിശപ്പുള്ളപ്പോൾ ഓരോരുത്തരെയായി പിടിച്ചു തിന്നും. അങ്ങനെ സിംഹരാജാവ് ആർഭാടമായി സസന്തോഷം കാട്ടിൽ വാഴുകയാണ്. ആരാണ് ഇതിനൊരു പരിഹാരം കണ്ടെത്തുക. മൃഗങ്ങളെല്ലാം വലിയ സങ്കടത്തിലായി. മറ്റുകാട്ടിലെ മൃഗങ്ങളും മണിച്ചിറക്കാട്ടിലെ ദുരവസ്ഥ അറിഞ്ഞു തുടങ്ങിയെങ്കിലും ആർക്കും സിംഹ രാജാവിനോട് ഏറ്റുമുട്ടാൻ ധൈര്യം ഉണ്ടായിരുന്നില്ല. ജീവനിൽ കൊതിയില്ലാത്തവർ ഉണ്ടാവുമോ?

മൃഗങ്ങൾ പലപല കൂട്ടങ്ങളായി കാടിന്റെ വിവിധ ഭാഗങ്ങളിൽ, സിംഹരാജാവ് അറിയാതെ, ചെറിയ ചെറിയ യോഗങ്ങൾ ചേർന്നു. മാനുകളും മുയലുകളും പേടിച്ചു പുറത്തിറങ്ങിയിരുന്നില്ല. മറ്റു മൃഗങ്ങളിൽ ചിലരൊക്കെ പുറത്തിറങ്ങി മാനുകൾക്കും മുയലു

കൾക്കും ആവശ്യമായ ഭക്ഷണം എത്തിച്ചുകൊടുത്തു. അങ്ങനെ ഒരു ദിവസം മുയലുകൾക്ക് ഭക്ഷണവുമായി എത്തിയ പന്നിക്കുട്ടനോട് മുയലുകൾ ഒന്നാകെ ആവശ്യപ്പെട്ടു.

''ആനക്കൊമ്പനെ ചെന്ന് കണ്ട് നമ്മുടെ ഭയാനകമായ അവസ്ഥ ധരിപ്പിക്കണം. കൊമ്പൻ ചേട്ടന്റെ നേതൃത്വത്തിൽ കാട്ടിൽ ഒരു യോഗം വിളിച്ചു ചേർക്കണം. എന്നിട്ട് ഒരു തീരുമാനത്തിലെത്തണം. അല്ലെങ്കിൽ ഞങ്ങൾ ഇവിടെ കിടന്നു ചത്തുപോകും.''

ഇക്കാര്യം തന്നെ മാനുകളും തങ്ങൾക്ക് ഭക്ഷണവുമായി എത്തിയ കുറുക്കനോട് പറഞ്ഞു. സിംഹരാജാവിനെ കൊണ്ട് ഏറ്റവും കൂടുതൽ പൊറുതിമുട്ടിയത് മാനുകളും മുയലുകളുമായിരുന്നു. കാരണം സിംഹത്തിന് ഏറ്റവും ഇഷ്ടം മാനിറച്ചിയും മുയലിറച്ചിയും ആയിരുന്നു. ഏറ്റവും ദുർബലരായവരെ ആക്രമിക്കാനും കീഴ്പ്പെടുത്താനും എളുപ്പമാണല്ലോ.

അങ്ങിനെയിരിക്കെ ഒരു ദിവസം മണിച്ചിറപ്പുഴയുടെ ഓരത്ത് ആനക്കൊമ്പന്റെ നേതൃത്വത്തിൽ മണിച്ചിറക്കാട്ടിലെ മൃഗങ്ങളെല്ലാം കൂടി ഒരു യോഗം ചേർന്നു. സിംഹരാജാവ് ഉറങ്ങുന്ന സമയം നോക്കിയാണ് എല്ലാവരും ഒത്തുചേർന്നത്. യോഗത്തിൽ കുറുക്കനാണ് സ്വാഗതം പറഞ്ഞത്. ആനക്കൊമ്പനെ അധ്യക്ഷനായി വിളിച്ചു. ആനക്കൊമ്പൻ സംസാരിക്കാൻ തുടങ്ങുമ്പോഴേക്കും പ്രായം ചെന്ന ഒരു മുയൽ മുന്നിലേക്ക് ഓടി വന്ന് ആനക്കൊമ്പന്റെ കാലിൽ കെട്ടിപ്പിടിച്ചു. എന്നിട്ട് കരഞ്ഞുകൊണ്ട് പറഞ്ഞു.

''അങ്ങ് ഞങ്ങളെ രക്ഷിക്കണം. താങ്കൾ കാട്ടിലെ രാജാവാകണം. അങ്ങേക്കൊപ്പം ഞങ്ങളെല്ലാം പാറ പോലെ ഉറച്ച് നിൽക്കും.''

ആനക്കൊമ്പൻ എന്തു മറുപടി പറയണമെന്ന് അറിയാതെ വിഷമത്തിലായി. അപ്പോഴേക്കും എല്ലാ മൃഗങ്ങളും ചേർന്ന് ആനക്കൊമ്പന് മുദ്രാവാക്യം വിളിച്ചു.

''ആനക്കൊമ്പൻ ഞങ്ങടെ നേതാവ്. മണിച്ചിറക്കാടിന്റെ ഓമനപുത്രൻ, ആനക്കൊമ്പൻ ഞങ്ങടെ രാജാവ് ജയ് ജയ് ആനക്കൊമ്പൻ''

ആനക്കൊമ്പന്റെ കണ്ണ് നിറഞ്ഞു. കണ്ണുനീർ ചാലിട്ടൊഴുകി കാലിൽ കെട്ടിപ്പിടിച്ച് നിൽക്കുന്ന മുയലിന്റെ നെറുകയിൽ ഇറ്റുവീണു. ആഹ്ലാദം കൊണ്ട് മുയലിന്റെയും കണ്ണു നിറഞ്ഞു.

ജയ് വിളിയുടെ ബഹളം കേട്ട് സിംഹ രാജാവ് ഉണർന്നു. ആരവിടെ? സിംഹ രാജാവ് ആക്രോശിച്ചു. ആരുമുണ്ടായിരുന്നില്ല. സിംഹ രാജാവ് പതുക്കെ സൂക്ഷിച്ച് ബഹളം കേട്ട സ്ഥലം ലക്ഷ്യമാക്കി നടന്നുനടന്ന് പുഴക്കരികയിലെത്തി. രാജാവ് മണിച്ചിറപ്പുഴയുടെ ഓരത്ത് സമ്മേളിച്ച് ആനക്കൊമ്പന് ജയ് വിളിക്കുന്ന മൃഗക്കൂട്ടങ്ങൾക്ക് നേരെ പാഞ്ഞടുത്തു. മൃഗങ്ങളെല്ലാം അചഞ്ചലരായി ഒരിഞ്ചു പോലും അനങ്ങാതെ നിന്നിടത്ത് തന്നെ നിന്നു. തന്നെ കണ്ടാൽ പേടിച്ചോടുന്ന മുയലുകളും മാനുകളും പോലും അനങ്ങാതെ നിൽക്കുന്നത് കണ്ടപ്പോൾ സിംഹ രാജാവിന്റെ ദേഷ്യം ഇരട്ടിച്ചു.

സിംഹ രാജാവ് ഒന്നു കൂടി മുരണ്ട് ഓടിയടുത്തപ്പോൾ ആനക്കൊമ്പൻ മുന്നോട്ട് നീങ്ങി വന്ന് ഒരു തൊഴി വെച്ചുകൊടുത്തു. മറ്റു മൃഗങ്ങൾ കൈകൊട്ടി ചിരിച്ചു. സിംഹ രാജാവ് ആറ്റിലേക്ക് മറിഞ്ഞ് വീഴാൻ പോയി. ഒരു മരത്തിൽ പിടികിട്ടിയില്ലെങ്കിൽ ആറ്റിലേക്ക് മറിഞ്ഞ് വീണേനെ. മരത്തിൽ പിടിച്ചുനിന്നു കൊണ്ട് സിംഹം വലിയ ഉച്ചത്തിൽ പറഞ്ഞു.



“ഞാനാണ് മണിച്ചിറക്കാട്ടിലെ രാജാവ്. നിന്നെ ഞാൻ ശരിയാക്കിത്തരാം. നീ ഒരു കറുത്തിരുണ്ട ഭാണ്ഡമല്ലേ. എന്നോട് കളിച്ചാൽ നിന്നെ ഞാൻ കടിച്ചുകീറും.”

ആനക്കൊമ്പൻ ഭാവഭേദമൊന്നുമില്ലാതെ അവിടെത്തന്നെ നിന്നു. മറ്റു മൃഗങ്ങളെല്ലാം കൊമ്പന് പുറകിൽ കൂട്ടമായി നിന്നു. കരടി മുത്തച്ഛൻ ആനക്കൊമ്പന്റെ അടുത്തേക്ക് നീങ്ങി നിന്നു. സിംഹരാജാവിന്റെ നേർക്ക് കൈ ചൂണ്ടി പറഞ്ഞു.

“കരുണയും ഭയവുമില്ലാത്ത ദുർഭൂതം. നിന്നെ ഇനി ആർക്കുവേണം ത്ഫൂ... ആനക്കൊമ്പനാണ് ഇനി മുതൽ ഞങ്ങടെ രാജാവ്. ജീവൻ വേണമെങ്കിൽ ഓടി രക്ഷപ്പെട്ടോ...”

തന്റെ നേർക്ക് ഇതുവരെ ആരും വിരൽ ചൂണ്ടി സംസാരിച്ചിട്ടില്ല. സിംഹ രാജാവ് ദേഷ്യം ഉള്ളിൽ ഒതുക്കി കരടിയോട് വിഷമത്തോടെ ചോദിച്ചു. “നീയും എന്നെ കൈവിടുകയാണോ?”

“പ്രജകളെ സംരക്ഷിക്കാൻ കഴിയാത്ത രാജാവിനൊപ്പം നിൽക്കാനാവില്ല.” കരടി ഉറച്ച് മറുപടി പറഞ്ഞു.

രാജാവ് എന്ന പദവി വിട്ടുകൊടുക്കാൻ സിംഹം തയ്യാറായിരുന്നില്ല. വാദപ്രതിവാദങ്ങൾക്കൊടുവിൽ കുറുക്കനാണ് പറഞ്ഞത് നമുക്കൊരു മത്സരം വയ്ക്കാം. മത്സരത്തിൽ വിജയിക്കുന്നവർക്ക് രാജാവാകാം. സിംഹം സമ്മതിച്ചു. കാട്ടിലെ ഏറ്റവും ശക്തനായ ആൾ രാജാവാകും. ഇരുകൂട്ടരും സമ്മതിച്ചു.

ഗുസ്തിയായിരുന്നു മത്സരമായി നിശ്ചയിച്ചത്. കുറുക്കനെ റഫറിയായി എല്ലാവരും കൂടി തിരഞ്ഞെടുത്തു. കാട്ടിൽ നിന്ന് പുഴയിലേക്കിറങ്ങുന്ന ഭാഗത്ത് പുഴയോട് ചേർന്ന് വിശാലമായ ഒരു മൈതാനം ഉണ്ട്. അവിടെ വെച്ചാണ് മത്സരം. കുറുക്കൻ ഓലകൊണ്ട് പീപ്പി ഉണ്ടാക്കി. മറ്റു മൃഗങ്ങളെല്ലാം ചേർന്ന് വൃത്താകൃതിയിൽ ഒരു കളിത്തട്ട് ഒരുക്കി കാട്ടുവള്ളി പറിച്ചുകൊണ്ട് മുയൽകുട്ടൻ വള്ളിയുടെ ഒരറ്റത്ത് പിടിച്ചുനിന്നു. വള്ളിയുടെ മറ്റേ അറ്റത്ത് ഒരു കമ്പ് കെട്ടി കരടിയച്ഛൻ വട്ടം കറങ്ങി. വൃത്തം തയ്യാർ. ചുറ്റും കുറ്റിയടിച്ച് വള്ളികൾ കൊണ്ട് കെട്ടിവെച്ചു. വേലി കെട്ടിയത് പോലെ. ഇതുവരെ കാട് കാണാത്ത തരത്തിലുള്ള കളിക്കളമാണ് എല്ലാവരും ചേർന്ന് ഒരുക്കിയത്. മത്സരം ആരംഭിക്കുന്നതിനായി കുറുക്കൻ ഓലപ്പീപ്പിയെടുത്ത് വിസിലടിച്ചു. ഒരു വശത്ത് സിംഹവും മറുവശത്തെ മറ്റ് മൃഗങ്ങളും തയ്യാറായി നിന്നു. രണ്ടാമത്തെ വിസിൽ അടിച്ചപ്പോൾ സിംഹം ആദ്യം തട്ടിൽ കയറി നിന്നു. എതിർവശത്തുനിന്ന് ആര് വരണമെന്ന് താൻ പറയുമെന്ന് സിംഹം എല്ലാവരും കേൾക്കുമാറുച്ചത്തിൽ വിളിച്ചുപറഞ്ഞു. ആനകൾ ഒഴികെ മറ്റെല്ലാ മൃഗങ്ങളും ഭയന്ന് വിറച്ചു. “മുയലുകളിൽ നിന്ന് ഉശിരുള്ള ഒരുത്തൻ വരട്ടെ” സിംഹം ഗർജിച്ചു.

“ധൈര്യം സംഭരിച്ച് മുയൽക്കുട്ടൻ ഒറ്റച്ചാട്ടത്തിന് കളിത്തട്ടിൽ കയറി. മറ്റുള്ളവരെല്ലാം മുയൽക്കുട്ടനെ വിലക്കിയെങ്കിലും അവൻ അതൊന്നും വകവയ്ക്കാതെയാണ് ഓടിച്ചാടി തട്ടിൽ കയറിയത്. രണ്ടുപേരുടെയും നടുക്കുനിന്ന് മത്സരം ആരംഭിക്കുന്നതിനായി കുറുക്കൻ ഓല പീപ്പി മുഴക്കി. വിസിൽ അടിച്ചതും സിംഹം എതിർവശത്തേക്കൊരു ചാട്ടം ചാടി. മുയൽക്കുട്ടൻ സിംഹത്തിന്റെ കാലുകൾക്കിടയിലൂടെ മറുവശത്തേക്ക് ഒരു ഓട്ടം വെച്ചുകൊടുത്തു. സിംഹത്തിന് അരിശം വന്നു. സിംഹം മുയൽക്കുട്ടന് പുറകെ ഓടി. മുയൽക്കുട്ടൻ കളിത്തട്ടിന്റെ അറ്റത്തുകൂടി വട്ടം കറങ്ങി. പിന്നാലെ സിംഹവും. സിംഹം ഓടിയോടി ക്ഷീണിച്ചു. മുയൽക്കുട്ടനും പരവശനായിട്ടുണ്ട്.

സിംഹം കുറുക്കന്റെ നേരെ കണ്ണുരുട്ടിക്കൊണ്ട് പറഞ്ഞു. “ഇത് ശരിയാവില്ല ഇതെന്ത് കളിയാണ്. ഇവന് ഓടാനെ അറിയൂ. ഗുസ്തി ഒന്നും



അറിയില്ല. ഇവനോടൊപ്പം കളിക്കാൻ എനിക്ക് പറ്റില്ല. മാനുകളിൽ നിന്ന് ഒരു ശക്തി മാൻ വരട്ടെ.''

മടിച്ചു മടിച്ചാണെങ്കിലും ഒരു മാൻ കളത്തിലേക്ക് കയറി വന്നു. മത്സരം ആരംഭിക്കുന്നതിനായി കുറുക്കൻ വിസിലടിച്ചു. മാൻ അനങ്ങാതെ തട്ടിന്റെ ഒരറ്റത്തു നിന്നു. സിംഹം ഓടിയടുത്തു. മാൻ അനങ്ങിയില്ല. തന്നെ തിന്നണമെങ്കിൽ തിന്നട്ടെ എന്ന നിലപാടായിരുന്നു മാനിന്. സിംഹം തറയിൽ ആഞ്ഞടിച്ചു തുടരെത്തുടരെ നാലഞ്ചടി തറയിലടിച്ചു. കോപം കൊണ്ട് കണ്ണ് ചുവന്നു.

''നിങ്ങളുടെ കൂട്ടത്തിൽ കളി അറിയാവുന്ന ആരുമില്ലേ'' സിംഹം ഒച്ചവെച്ചു.

ഇതു കേട്ടതും ആനക്കൊമ്പൻ തുമ്പിക്കൈ ആട്ടി തട്ടിലേക്ക് മന്ദം മന്ദം നടന്നു വന്നു. സിംഹത്തിന് അപ്പോഴാണ് തനിക്ക് പറ്റിയ അമളി മനസ്സിലായത്. ഇനിയെന്ത് ചെയ്യും? ആനക്കൊമ്പനാണെങ്കിൽ കളിത്തട്ടിൽ കയറിക്കഴിഞ്ഞു. ഇനിയും മാറ്റിപ്പറഞ്ഞാൽ മൃഗങ്ങളെല്ലാം തന്നെ കളിയാക്കും. എന്തായാലും വേണ്ടില്ല വരുന്നിടത്ത് വച്ച് കാണാം. സിംഹം ആനക്കൊമ്പന് അഭിമുഖമായി നിന്നു.

കുറുക്കൻ ഓലപ്പീപ്പിയെടുത്ത് ചുണ്ടിൽ വെച്ച് വിസിൽ മുഴക്കി. സിംഹം ആനക്കൊമ്പന്റെ തുമ്പിക്കൈയിലൊന്ന് തലകൊണ്ട് കുത്തി നോക്കി. എന്തൊരു ശക്തി. സിംഹം നാലഞ്ചടി പുറകോട്ട് മാറി ഓടിവന്ന് ശക്തിയായി ആനക്കൊമ്പന്റെ തുമ്പിക്കൈയിൽ ഇടിച്ചു. സിംഹം പുറകോട്ട് തെറിച്ചു വീണു. സിംഹം എഴുന്നേറ്റുനിന്ന് ശരീരം ഒന്ന് കുടഞ്ഞു. ഇടം കൈകൊണ്ട് മുഖം തുടച്ച് മുന്നോട്ടുവന്നു നിന്നു. റഫറി വിസിൽ അടിച്ചു. ആനക്കൊമ്പൻ സിംഹത്തെ തുമ്പിക്കൈയിൽ ചുരുട്ടിയെടുത്ത് പൊക്കിപ്പിടിച്ചു. മൃഗങ്ങളെല്ലാം ആർത്തുവിളിച്ചു. സിംഹം തുമ്പിക്കൈയിൽ ഞെരിഞ്ഞമർന്നു. റഫറി സിംഹത്തെ താഴെക്കിറക്കാൻ ആനക്കൊമ്പനോട് ആവശ്യപ്പെട്ടു. ആനക്കൊമ്പൻ കേട്ട ഭാവം നടിച്ചില്ല.

കുറെ നേരം ഉയർത്തിപ്പിടിച്ചു നിന്നു. മൃഗങ്ങൾ കളിത്തട്ടിന് ചുറ്റും നൃത്തം വച്ചു. ആനക്കൊമ്പൻ തുമ്പിക്കൈ പതുക്കെ താഴ്ത്തി ഊക്കിലൊരു ഏറ് വെച്ച് കൊടുത്തു. സിംഹം മണിച്ചിറയാറ്റിൽ ചെന്ന് വീണു. ബോധരഹിതനായ സിംഹം മണിച്ചിറയാറ്റിലെ വെള്ളത്തിൽ ഒഴുകിപ്പോകുന്നത് മൃഗങ്ങളെല്ലാം കൗതുകത്തോടെ നോക്കി നിന്നു. കുറുക്കൻ നീട്ടി വിസിൽ മുഴക്കി ആനക്കൊമ്പൻ വിജയിച്ചതായി പ്രഖ്യാപിച്ചു. അന്നു മുതൽ മണിച്ചിറക്കാട്ടിൽ ആനക്കൊമ്പനാണ് രാജാവ്. മൃഗങ്ങളെല്ലാം ആനക്കൊമ്പന്റെ കീഴിൽ മണിച്ചിറക്കാട്ടിൽ സസന്തോഷം ജീവിച്ചു.





വര: സുജിത്ത് വാസുദേവൻ

# ഐക്യരാഷ്ട്ര സഭ

## നിസ്വാർത്ഥ സേവനത്തിന്റെ 80 വർഷം

**അബ്ദുൽസലാം മണ്ണാർക്കാട്**

**ഐക്യരാഷ്ട്രസഭ (UN): 1945ൽ സ്ഥാപിതമായ ഒരു അന്താരാഷ്ട്ര സംഘടനയാണ്, ലോകസമാധാനം, സുരക്ഷ, അന്താരാഷ്ട്ര സഹകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നു. 193 അംഗരാജ്യങ്ങൾ ഉണ്ട്, ആസ്ഥാനം ന്യൂയോർക്ക് സിറ്റിയിലാണ്.**



രണ്ടാം ലോക മഹായുദ്ധ കാലത്ത് ലോകം സമാധനത്തിനായി ആഗ്രഹിച്ചു. ഓരോ യുദ്ധവും മാനവരാശിക്ക് ബാക്കി വെച്ചത് ദുരിതപൂർണമായ ജീവിതമായിരുന്നു. ലോക രാഷ്ട്രങ്ങൾക്കിടയിൽ സഹകരണ മനോഭാവവും വിട്ടുവീഴ്ചയും സമാധാനവും നില നിർത്തുന്നതിന് വേണ്ടി 1945 ഒക്ടോബർ 24ന് ഐക്യരാഷ്ട്രസഭ നിലവിൽ വന്നു. 193 അംഗ രാജ്യങ്ങളുടെ മഹത്തായ കൂട്ടായ്മയാണിത്.

2025 ൽ എൺപതാമത് വാഷികമാഘോഷിക്കുന്ന ഐക്യരാഷ്ട്ര സഭ കൂടുതൽ കരുത്താർജ്ജിക്കേണ്ടിയിരിക്കുന്നു. പരസ്പര സഹകരണത്തിന്റെ അന്താരാഷ്ട്ര വർഷമായി (**International year of cooperatives**)2025 യു എൻ ഒ ആചരിക്കുന്നു. പരസ്പരം സഹകരിക്കുന്നവർ നല്ല ലോകം സൃഷ്ടിക്കുന്നു. (**Cooperatives build a better world**)എന്നതാണ് അന്താരാഷ്ട്ര സഹകരണ വർഷത്തിൽ യു എൻ ഒ നൽകുന്ന സന്ദേശം. ലോക രാജ്യങ്ങൾക്കിടയിലെ പരസ്പര സഹകരണത്തിലൂടെ സുസ്ഥിര വികസനം സാധ്യമാക്കുകയാണ് സംഘടനയുടെ ലക്ഷ്യം. ലോകരാജ്യങ്ങൾക്കിടയിൽ തുടരുന്ന ശത്രുതയും യുദ്ധവും മനുഷ്യ വംശത്തിന്റെ നിലനിൽപിന് വലിയ ഭീഷണിയായി മാറിയിരിക്കുന്നു. ലോകത്ത് അനേകം മനുഷ്യർ അഭയാർഥികളായി മാറുകയും സ്വസ്ഥ ജീവിതം നഷ്ടപ്പെട്ട സ്ത്രീകളും കുട്ടികളുമുൾപ്പെടെ നിരപരാധികൾ കൊല്ലപ്പെടുന്നു. പലസ്തീനിൽ ഇസ്രായേൽ സൈന്യം നടത്തുന്ന നരഹത്യയെ തടുക്കുന്നതിൽ യുഎൻ ഒ പരാജയപ്പെട്ടു.

ഐക്യരാഷ്ട്ര സഭയുടെ എൺപതാമത് വാർഷിക പരിപാടികൾ മുന്നോട്ട് വെയ്ക്കുന്ന സന്ദേശം നമ്മൾ കൂടിച്ചേർന്ന് നമ്മുടെ ഭാവി പണിയുന്നു (**Building our future together**) എന്നാണ്. 2025 ഏപ്രിൽ 13 മുതൽ ഒക്ടോബർ 13 വരെ ജപ്പാനിലെ ഒസാക്കയിൽ സംഘടിപ്പിച്ചിരിക്കുന്ന എക്സിബിഷനിൽ യു എൻ ഒ പങ്കെടുക്കുന്നുണ്ട്. ലോകത്ത് നിലനിൽക്കുന്ന അനേകായിരം വെല്ലുവിളികളെ അതിജീവിച്ച് മനുഷ്യാവകാശ സംരക്ഷണത്തിനായി യു എൻ ഒ നൽകിയ സംഭാവനകൾ അവിടെ പ്രദർശിപ്പിക്കപ്പെടുന്നു.

### നോബൽ സമ്മാനം

ഐക്യ രാഷ്ട്ര സഭയുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി രണ്ടുപ്രാവശ്യം സമാധാനത്തിനുള്ള നോബൽ സമ്മാനം യു എൻ ഒ യെ തേടിയെത്തി. 2001 ലെ സമാധാനത്തിനുള്ള നോബൽ പുരസ്കാരം ഐക്യരാഷ്ട്ര സഭയും ജനറൽ സെക്രട്ടറി കോഫി അന്നനും പങ്കിട്ടെടുത്തു. പിന്നീട്

'എൺപത് വർഷങ്ങൾക്ക് മുമ്പ്, യുദ്ധത്തിന്റെ ചാരത്തിൽ നിന്ന്, ലോകം പ്രതീക്ഷയുടെ ഒരു വിത്ത് നട്ടുപിടിപ്പിച്ചു. ഒരു ചാർട്ടർ, ഒരു ദർശനം, ഒരു വാഗ്ദാനം: മനുഷ്യവർഗം ഒരുമിച്ച് നിൽക്കുമ്പോൾ സമാധാനം സാധ്യമാണ്.'

**അന്റോണിയോ ഗുട്ടെറസ്,**
യുഎൻ സെക്രട്ടറി ജനറൽ, 26 ജൂൺ 2025

2020ൽ വേൾഡ് ഫുഡ് പ്രോഗ്രാം എന്ന ഉപ സംഘടനയെ സമാധാനത്തിനുള്ള നോബൽ സമ്മാനം നൽകി ആദരിച്ചു. യുദ്ധഭൂമിയിൽ നിരാലംബരാകുന്ന അഭയാർത്ഥികൾക്ക് ഭക്ഷണം നൽകിയും മാനസിക ധൈര്യം പകർന്നും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിയും ഐക്യരാഷ്ട്ര സഭ സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## ദുരിതമനുഭവിക്കുന്ന കുട്ടികൾ

യുദ്ധ ഭൂമികളിൽ വ്യാപകമായി സ്കൂളുകൾ തകർക്കപ്പെടുന്നു. ഹോസ്പിറ്റലുകളിൽ ബോംബിടുന്നു. ലോക വ്യാപകമായി 426 മില്യൺ കുട്ടികൾ യുദ്ധം കാരണം ദുരിതമനുഭവിക്കുന്നു. കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ബാധിക്കുന്നു.

സ്കൂളുകൾ തകർക്കപ്പെടുമ്പോൾ കുട്ടികളുടെ ഭാവിയെ ബാധിക്കുന്നു. കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നു. കുട്ടികൾക്ക് മുറിവേൽക്കുകയോ കൊല്ലപ്പെടുകയോ ചെയ്യുന്നു. 2023ന്റെ അവസാനത്തോടെ ലോക വ്യാപകമായി 47 മില്യൺ കുട്ടികൾ അഭയാർത്ഥികളാവുകയോ വാസസ്ഥലം നഷ്ടപ്പെടുകയോ ചെയ്തു. യുദ്ധത്തിന്റെയും കലാപത്തിന്റെയും കരിനിഴലിൽ വളരാൻ വിധിക്കപ്പെട്ട കുട്ടികൾ പോഷകാഹാരം കിട്ടാതെ കഷ്ടപ്പെടുന്നു. പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാതെ തെരുവിലലയുന്നു. ആയിരക്കണക്കിന് കുട്ടികൾ യുക്രൈനിലും ഗാസയിലും കൊല്ലപ്പെടുകയും പരുക്കേറ്റ് ചികിത്സ തേടുകയും ചെയ്തിട്ടുണ്ടെന്ന് യു എൻ ഒ റിപ്പോർട്ട് ചെയ്യുന്നു.

സുഡാനിലെയും ഗാസയിലെയും കുട്ടികൾക്ക് കുറെ വർഷങ്ങളായി വിദ്യാഭ്യാസം നൽകാനായില്ല. കോംഗോ, സിറിയ, യുക്രൈൻ തുടങ്ങിയ രാജ്യങ്ങളിൽ വ്യാപകമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തകർക്കപ്പെട്ടു. അനേകായിരം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം അന്യമായി. യുദ്ധ ഭൂമികളിൽ കുട്ടികളിലും മുതിർന്നവരിലും പട്ടിണി മരണങ്ങൾ വാർത്തയാകുന്നു. ഗാസയിലുണ്ടായ പട്ടിണി ലോക മനസ്സാക്ഷിയെ ഞെട്ടിച്ചു. സ്കൂളുകൾ തകർക്കപ്പെടുന്നു. അവകാശങ്ങൾ നിഷേധിക്കപ്പെട്ട അനേകായിരം മക്കൾ അഭയാർഥികളായി അലയുന്നു.

ലോകത്ത് ദുരിതമനുഭവിക്കുന്നവരിലേക്ക് യു എൻ ഒ സാന്ത്വനമായി കടന്ന് ചെല്ലുന്നു. ഗാസയിൽ യുദ്ധമാരംഭിച്ചപ്പോൾ ഐക്യരാഷ്ട്ര സഭയുടെ സ്കൂളുകൾ അഭയാർത്ഥി ക്യാമ്പുകളായി മാറി. ക്ലാസ് മുറികളിലും വരാന്തകളിലും അഭയാർത്ഥികൾ തിങ്ങിപ്പാർത്തു. പ്രാഥമിക സൗകര്യങ്ങളുടെ കുറവനുഭവപ്പെട്ടു.

അന്താരാഷ്ട്ര നിയമങ്ങളെ കാറ്റിൽ പറത്തി അഭയാർത്ഥി ക്യാമ്പുകളായ യു എൻ വിദ്യാലയങ്ങളും ക്രൂരമായി ആക്രമിക്കപ്പെട്ടു. അഭയാർത്ഥി ക്യാമ്പുകളായ യു എൻ സ്കൂളുകൾ സന്തോഷം പകരുന്നതിന് പകരം ദുരിതാനുഭവങ്ങളായി മാറി. കുടുംബാംഗങ്ങൾ ആക്രമിക്കപ്പെട്ടു. പലർക്കും അംഗഭംഗം സംഭവിച്ചു. കുടി വെള്ളം തേടി ദീർഘ ദൂരം സഞ്ചരിച്ചു. അഭയകേന്ദ്രങ്ങളായിരുന്ന യു എൻ സ്കൂളുകൾ പോലും ആക്രമിക്കപ്പെട്ടത് അഭയാർത്ഥികളായ കുട്ടികൾക്ക് തീരാ ദുരിതമായി മാറി.

**U N R W A(United nations relief and works agency for palastene refugees)**യുടെ നേതൃത്വത്തിൽ സാധ്യമായ സേവന പ്രവർത്തനങ്ങൾക്ക് യു എൻ ഒ നേതൃത്വം നൽകി വരുന്നു. യുദ്ധകാലത്ത് 85 സ്കൂൾ കെട്ടിടങ്ങളും ഗാസയിൽ തകർക്കപ്പെട്ടു. 10,600ൽ പരം കുട്ടികൾ ദാരുണമായി കൊല്ലപ്പെട്ടു. 625,000 കുട്ടികൾക്ക് വിദ്യാഭ്യാസം നഷ്ടപ്പെട്ടു. ഒരു മില്യൺ കുട്ടികൾ മാനസികമായ വെല്ലുവിളികൾ നേരിടുന്നു.

ദുരിതമനുഭവിക്കുന്ന അഭയാർത്ഥികളെ പുനരധിവസിപ്പിക്കുന്നതിനും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും യു എൻ ഒ യ്ക്ക് കഴിയും. യുദ്ധം അവസാനിപ്പിക്കാനുള്ള ശ്രമങ്ങളാണ് യു എൻ ഒ യിൽ നിന്നും യുദ്ധ വിരുദ്ധ ചേരിയിലുള്ള അനേകം മനുഷ്യർ പ്രതീക്ഷിക്കുന്നത്. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങൾ കരുത്താർജ്ജിക്കണം.

# മതമില്ലാത്ത സ്നേഹം

സുരേന്ദ്രൻ ശ്രീമൂലനഗരം

"അപ്പൂ... അപ്പൂ..." അമ്മ നീട്ടി വിളിച്ചു. "ദാ...വരുന്നമ്മേ" "നീ പാലുകുടിച്ചോ; നീ അവിടെ എന്തെടുക്കണ്." അമ്മ അടുക്കളയിലേക്ക് ചെന്നു.
"ഇവിടെ എന്താ പണി. ആർക്കാ ഈ പാത്രത്തിൽ ചോറു നിറച്ചുവച്ചിരിക്കണെ? നിനക്ക് ഞാൻ ചോറെടുത്ത് ബാഗിൽ വച്ചിട്ടുണ്ടല്ലോ! ഇത് നിന്റെ കഴിഞ്ഞ വർഷത്തെ പാത്രം അല്ലേ. എന്തി നാണിത്."
"അമ്മേ എന്റെ ക്ലാസിൽ ബാലു എന്നൊരു കുട്ടിയുണ്ട്. വളരെ പാവപ്പെട്ടവൻ. ഒരു ദിവസം പോലും ഭക്ഷണം കൊണ്ടുവരാനില്ലവന്. അച്ഛൻ തെങ്ങ് കയറ്റക്കാരനായി രുന്നു. വീണ് തളർന്ന് കിടപ്പിലാണ്. ഇവൻ ഒരേ ഒരു മകൻ. അമ്മ വീട്ടുജോലിക്ക് പോയി കിട്ടുന്നതുകൊണ്ട് ഭക്ഷണത്തിനും മരു ന്നിനും തികയില്ല. വീടാണെങ്കിൽ ഏത് സമ യത്തും ഇടിഞ്ഞു വീഴാം. പൊളിച്ചു മേയേണ്ട സമയം കഴിഞ്ഞു. കഴിഞ്ഞ വെള്ളി യാഴ്ച ഞാൻ അവന്റെ വീട്ടിൽ പോയിരുന്നു. സഹിക്കാൻ പറ്റില്ലമ്മേ . എന്നും കുട്ടികൾ ഭക്ഷണം കഴിക്കുമ്പോൾ അവൻ






കിണറിൽ നിന്ന് വെള്ളം കുടിച്ച് പുറത്തിരിക്കും. വിളിച്ചാലും വരില്ല. ഞാൻ മാഷിനോട് പറഞ്ഞു. ഇന്നു മുതൽ ഭക്ഷണം കൊണ്ടുചെല്ലുമെന്ന്. മാഷ് പറഞ്ഞ് കൊടുത്തോളാം എന്ന് പറഞ്ഞിട്ടുണ്ട്. അതോണ്ടാ ഞാൻ ചോറെടുത്തേ.'' അമ്മക്ക് ദേഷ്യം വന്നു. ''നീ വല്യ ദാനശീലനൊന്നും ആവേണ്ട. കണ്ട താഴ്ന്ന ജാതിക്കാർക്കൊക്കെ ഭക്ഷണമെത്തിക്കാൻ നീയാരാ. നീ നിന്റെ കാര്യം നോക്കി പഠിച്ചിട്ട് പോന്നോളണം. ഇത്തരം ജാതികളായിട്ടൊരു കൂട്ടും വേണ്ട. മനസ്സിലായോ.''

''അതെന്താ അമ്മ അങ്ങനെ പറഞ്ഞത്. ക്ലാസ്സ് മീറ്റിങ്ങുകളിൽ ഉപന്യാസത്തിന്റെ വിഷയങ്ങൾ സത്യം, സ്നേഹം, കരുണ ഇതെല്ലാമാണ്. പുസ്തകം പഠിച്ചതുകൊണ്ടു മാത്രം കാര്യമില്ലമ്മേ. ജാതി പറയുന്നവരുമായി കൂട്ടുകൂടരുതെന്നാണ് അപ്പൂപ്പൻ പറഞ്ഞുതന്നത്.''

''ഞാനൊന്ന് ചോദിക്കട്ടെ. രക്തത്തിന് ജാതിയുണ്ടോ. മുസ്ലീം രക്തം, ഹിന്ദു രക്തം, ക്രിസ്റ്റ്യൻ രക്തം ഗ്രൂപ്പ് ചേർന്നാൽ ആർക്കും ചേരും. മനുഷ്യരക്തം എന്നേ പറയൂ. വൃക്ക, കണ്ണ് , മജ്ജ, ഇതിനൊന്നും ഇല്ലാത്ത ജാതി ശരീരത്തിന്റെ ഏതുഭാഗത്താണിരിക്കുന്നതമ്മേ.''

''ചെറിയ വായില് വലിയ വർത്തമാനം വേണ്ട.'' അമ്മക്ക് വീണ്ടും ദേഷ്യം വന്നു.

''എന്താ അമ്മേം മോനും കൂടി തർക്കം.'' അച്ഛൻ അടുക്കളയിലേക്ക് കടന്നുവന്നു. അപ്പു എല്ലാ കാര്യങ്ങളും അച്ഛനോട് പറഞ്ഞു.

''അച്ഛന് സന്തോഷമായി. എന്റെ മോൻ പറയുന്നതും ചിന്തിക്കുന്നതുമാണു ശരി. മോൻ ബാഗിൽ ചോറെടുത്ത് വയ്ക്ക്.''

''അച്ഛാ എന്റെ ഒരു പഴയ ഷർട്ടും നിക്കറും എടുത്തോട്ടെ. അവന്റെ ഷർട്ടിന്റെ കൈയ്യ് കീറിയതാണച്ഛാ.''

''നിന്റെ അളവ് അവന് പാകമാണോ?''

''എന്റെ  കൃത്യമാണച്ഛാ അവന്''

''ശരി. കൊണ്ടു പൊയ്ക്കോ. പുതിയൊരു ജോഡി അച്ഛൻ വാങ്ങിവച്ചേക്കാം.''

അപ്പു അച്ഛന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ചു നോക്കി. അവൻ അച്ഛനെ കെട്ടിപ്പിടിച്ചു. അച്ഛൻ അവന്റെ തലയിൽ ചുംബിച്ചു.

''എന്റെ മോൻ നന്നായി വരും.''

''അമ്മ പറഞ്ഞത് വിഷമമായോ മോന്. അമ്മ അടുത്തു വന്നു. നിന്റെ സന്തോഷമാണ് ഞങ്ങളുടെ സന്തോഷം. അമ്മ പറഞ്ഞത് എന്റെ മോൻ ക്ഷമിക്ക്... തെറ്റായിപ്പോയി ഞാൻ പറഞ്ഞത്.''

''കുഴപ്പമില്ലമ്മേ''

ബാഗും തൂക്കി സന്തോഷത്തോടെ അവൻ നടന്നു മറയുന്നത് അച്ഛനും അമ്മയും നോക്കി നിന്നു.

# സന്ധി (തുടർച്ച)

സാബു കോട്ടുക്കൽ

വർണ്ണമാറ്റത്തിന്റെ സ്വഭാവമനുസരിച്ച് ഭാഷയിൽ സന്ധിയെ നാലു തരത്തിൽ വിഭജിക്കുന്നു. ലോപം, ആഗമം, ദ്വിത്വം, ആദേശം എന്നിവയാണ് അവ.

## ലോപസന്ധി

സന്ധിചെയ്യുമ്പോൾ ഒരു വർണ്ണം ഇല്ലാതാകുന്നതാണ് ഈ സന്ധിയുടെ പ്രത്യേകത. ഉദാഹരണങ്ങളിലൂടെ ഇത് മനസ്സിലാക്കാം.

തണുപ്പ് + ഉണ്ട് തണുപ്പുണ്ട് (ഉ സംവൃതോകാരം - ലോപിച്ചു)
കൊടുത്തു + ഇല്ല കൊടുത്തില്ല ( ഉ കാരം ലോപിച്ചു)
മരം + പാലം മരപ്പാലം ( അനുസ്വാരം ലോപിച്ചു)
മഞ്ഞ + അരളി മഞ്ഞരളി (അകാരം ലോപിച്ചു)
കടൽ + പുറം കടപ്പുറം (ൽ ലോപിച്ചു)
മക്കൾ + തായം മക്കത്തായം (ൾ ലോപിച്ചു)

## ആഗമസന്ധി

സന്ധിയിൽ ഒരു വർണ്ണം പുതുതായി വന്നുചേരുന്നതിനാണ് ആഗമം എന്നു പറയുന്നത്. യ, വ എന്നീ വർണ്ണങ്ങളാണ് സാധാരണയായി ആഗമിക്കുന്നത്. അപൂർവമായി ന, ക, ക്ക എന്നീ വർണ്ണങ്ങളും ആഗമിക്കും. ഉദാഹരണങ്ങൾ അത് വ്യക്തമാക്കും.

കരി + ഇല കരിയില (യ ആഗമിച്ചു)
തിരു + ആതിര തിരുവാതിര (വ ആഗമിച്ചു)
വിലസി + അ വിലസിന (ന ആഗമിച്ചു)
ആ + ഉക ആകുക (ക ആഗമിച്ചു)
ചെറു + അൻ ചെറുക്കൻ (ക്ക ആഗമിച്ചു)

## ദ്വിത്വസന്ധി

സന്ധിചെയ്യുന്ന വർണ്ണങ്ങളിലൊന്ന് ഇരട്ടിക്കുന്നതാണ് ദ്വിത്വസന്ധി.

നദി + കര നദിക്കര (ക ഇരട്ടിച്ചു)
വാൾ + പയറ്റ് വാൾപ്പയറ്റ് (പ ഇരട്ടിച്ചു)
പച്ച + ചക്ക പച്ചച്ചക്ക (ച ഇരട്ടിച്ചു)
വട്ട + താടി വട്ടത്താടി (ത ഇരട്ടിച്ചു)

## ആദേശസന്ധി

സന്ധിക്കുന്ന വർണ്ണങ്ങളിൽ ഒന്നു പോയിട്ട് ആ സ്ഥാനത്ത് മറ്റൊരു വർണ്ണം വരുന്നതാണ് ആദേശം.

വിൺ + തലം വിണ്ടലം (തകാരം പോയി ടകാരം വന്നു)
പിൻ + കാലം പിൽക്കാലം (നകാരം പോയി ലകാരം വന്നു)
കല് + മദം കന്മദം (ലകാരം പോയി നകാരം വന്നു)


# കൊതി

**അസുരമംഗലം വിജയകുമാർ**

ഇടവും വലവും പുഴയും വയലും
ഇടയിൽ നീണ്ടൊരു നടവഴിയും
ഇലവുമരങ്ങൾ വിരിക്കും തണലു
മിലഞ്ഞിപ്പൂവിൻ നറുമണവും
പടലുകൾ മൂടിയ കാടും കുളവും
പരൽമീനോടും പടവുകളും
ഇളവെയിലൊളിയും കാറ്റും കുളിരും
കളമൊഴി തൂകും കുരുവികളും...
നിറയും പഴയൊരു ഗ്രാമമതൊന്നിൽ
വെറുതെ നടക്കാൻ കൊതിയായീ..
അഴകെഴുമാ നൽപ്പഴമയിൽ വീണ്ടും
ഇഴുകിച്ചേരാൻ കൊതിയായി!



വര: രഞ്ജിത്ത് ടി



വര: റോണി ദേവസ്യ

# കുഴിയാനേം കൊമ്പനാനേം ചട്ടമ്പിയുറുമ്പും

**പി പി സതീഷ് കുമാർ**

മടിയനായാൽ എന്ത് രസാണ്! മടി പിടിച്ചിരുന്നാൽ മതീലോ? തീറ്റ ചുമക്കേണ്ട... മാളം തുരക്കേണ്ട... വർഷകാലത്തേക്ക് തീറ്റ ശേഖരിക്കേണ്ട! ഹൊ! പരമസുഖം. മടിയൻ കസേരയിൽ കാലും നീട്ടിവെച്ച് വെറുതെ ഇരുന്നാൽ മതി! ചട്ടമ്പിയുറുമ്പിന്റെ ചിന്തകൾ കുന്നുകയറി.

രാവിലെ കുഴിയാനക്കുഴി കണ്ടപ്പം തുടങ്ങീതാണ് ചട്ടമ്പിയുറുമ്പിന് ഇമ്മാതിരി ചിന്തകൾ. ചട്ടമ്പിയെന്നൊക്കെ ചുമ്മാ വിളിക്കുന്നതാണ്. ഉപദ്രവിക്കുന്നവരെ കടിച്ച് ശരിപ്പെടുത്തുന്നതിനാൽ ആരോ ഇട്ട വട്ടപ്പേരാണത്.

കുഴിയാന ആളൊരു ഭാഗ്യവാനാണ്! കുഞ്ഞുകുഴീൽ വെറുതെ ഇരുന്നാൽ മതി! വല്ല ഉറുമ്പോ, പ്രാണിയോ കുഴിലോട്ട് വന്ന് വീണോളും! ചട്ടമ്പിക്ക് കുശുമ്പ് മൂത്തു.

ചട്ടമ്പിയുറുമ്പ് നടന്ന് നടന്ന് ചിലന്തി വലയ്ക്ക് അരികിലെത്തി. മുകളിലോട്ട് നോക്കി. വലയിൽ കമഴ്ന്ന് കിടന്ന് ഉറക്കമാണ് ഗൃഹ

നാഥൻ. ഹൊ! എന്തൊരു സുഖാണ്. വലയും വിരിച്ചങ്ങ് കിടന്നാമതി. തീറ്റപ്പണ്ടാരങ്ങൾ വലയിലോട്ട് ശറേന്ന് വന്ന് വീണോളും ! ജനിക്കുന്നുവെങ്കിൽ മിനിമം ചിലന്തിയെങ്കിലുമാവണം.

കാട്ടിലൂടെ മുണ്ടുമാടിക്കുത്തിയുള്ള നടപ്പിനിടെ ചട്ടമ്പിയുറുമ്പ് പിന്നെ കണ്ടത് കൊമ്പനാനയെ! അമ്പമ്പോ! എന്തൊരു വലുപ്പം. വമ്പനൊരു പാറ പോലുണ്ട്. ഉയരത്തിലുള്ളൊരു മരക്കൊമ്പിലെ പച്ചിലകൾ ഒടിച്ചുതിന്നുവാണ് ആനച്ചേട്ടായി! മൂപ്പര് ആളൊരു പ്രമാണി തന്നെ! ഉറുമ്പ് ബഹുമാനപൂർവം മടിക്കുത്ത് അഴിച്ചിട്ടു.

ഉറുമ്പു ജന്മമൊക്കെ എന്തിന് കൊള്ളാം എന്ന സങ്കടം ചട്ടമ്പിയുടെ ഉള്ളിൽ നിറഞ്ഞു. ആനയോട് സംസാരിക്കണം! വലുതാവുന്നതിന്റെ രസം ചോദിച്ചറിയണം.

ഉറുമ്പ് അടുത്തുചെന്നു. മുരടനക്കി. ആര് കേൾക്കാൻ?! ഏയ്... എക്സ്ക്യൂസ് മീ.... സർവശക്തിയുമെടുത്ത് ഉറുമ്പ് ആനയെ വിളിച്ചു. ഇത്തവണ ആന ഉറുമ്പിനെ കണ്ടു! ''എനിക്കൊരു ഇന്റർവ്യൂ വേണം!'' ചട്ടമ്പി വിക്കി വിക്കി പറഞ്ഞു. ആന ഷേക്ക് ഷാൻഡ് നൽകാനായി തുമ്പിക്കൈ നീട്ടി. അതിന്റെ മൂളക്കത്തിൽ ഉറുമ്പ് തെറിച്ച് ദൂരേക്ക് പോയി. ആനയ്ക്ക് സങ്കടമായി! ഉറുമ്പിന് വേദനയായി.

ആന സോറി പറഞ്ഞു. ''ഇതാണ് എന്റെ ഒരു കുഴപ്പം. ഒരു ഷേക്ക് ഹാൻഡ് പോലും നേരാംവണ്ണം നൽകാനാവില്ല'' ആന സ്വയം ട്രോളി.

''നീയിങ്ങനെ ക്രിഞ്ചാവല്ലേ. നിനക്കെന്ത് വലുപ്പമാണ്. എന്തൊരു ശക്തിയാണ്. കൊമ്പിനെന്തൊരു വലുപ്പമാണ്! എന്തൊരു ആനച്ചന്തമാണ്!'' ഉറുമ്പ് വീണതിന്റെ വേദന മറന്ന് എളിയിൽ കൈകുത്തി നിന്ന് പറഞ്ഞു.

അതു കേട്ട് ആന ചിരിച്ചു! ''ഉറുമ്പു ചങ്ങാതീ... ഉറുമ്പോളം ചെറുതാകാനാണ് എനിക്ക് കൊതി! എന്റെ ഈ പെരുവയറില്ലേ... അത് നിറയ്ക്കാൻ ഞാൻ പെടുന്ന പാട് വല്ലോം നിനക്കറിയോ?'' ആനച്ചേട്ടായി തീറ്റ നിർത്തി ഇന്റർവ്യൂവിന് തയ്യാറായി.

''അതേയ്... വേനൽക്കാലത്ത് കാടുണങ്ങും. വിശന്ന് കുടലുകത്തുമ്പം ഞാൻ കാടിന് പുറത്തോട്ടിറങ്ങും. മനുഷ്യര് നട്ടുണ്ടാക്കിയത് വലിച്ചു പറിച്ചുതിന്നും. അതിനെച്ചൊല്ലിയുള്ള പുകില് ചില്ലറയല്ല.

എന്റെ വിശപ്പ് അവർക്കറിഞ്ഞൂടല്ലോ? അവര് പന്നിപ്പടക്കം വെക്കും. കറണ്ട് വേലി പണിയും. തോക്കെടുക്കും. ചോരയൊലിക്കും ഇക്കഥ വല്ലതും നിനക്കറിയോ? ആന ചോദിച്ചു.

''വിശന്നുവലഞ്ഞ ആനക്ക് കൊലകൊല്ലീന്നൊക്കെ മനുഷ്യർ ചുമ്മാ പേരിടും. നീയിപ്പറഞ്ഞ കൊമ്പില്ലേ? നല്ല ചേലൊക്കെയാണ്. പക്ഷേ, അതിലാണ് മനുഷ്യരുടെ നോട്ടം. അത് ഊരിയെടുക്കാനായി അവര് കൊന്നുകളയും. സ്വന്തം സുഖത്തിന് വേണ്ടി ആരേയും കൊന്നുകളയാൻ മടിയില്ല മനുഷ്യർക്ക്. പണം പണം... സുഖം സുഖം എന്ന വിചാരം മാത്രം... മനുഷ്യത്വമില്ലാത്ത മനുഷ്യന്മാര്'' ഒറ്റശ്വാസത്തിൽ പറഞ്ഞ് ആനച്ചേട്ടായി നിർത്തി.

ചേട്ടായി പറയണത് ശരിയാണല്ലോ... ചട്ടമ്പിയുറുമ്പ് ചിന്തയിലാണ്ടു. വലുതാവുന്നത് പൊല്ലാപ്പാണല്ലോ... ആരുടേം കണ്ണിൽപ്പെടാതെ എനിക്ക് രക്ഷപ്പെടാം. വല്ലോരുടേം കാലിനടിയിൽ പെടാതെ നോക്കിയാൽ മതി. ആനച്ചേട്ടായിയുടെ കാര്യം അങ്ങിനാണോ? ഉറുമ്പായി ജീവിക്കുന്നതിനും ഒരു ഗമയും സുഖവുമൊക്കെ ഉണ്ടെന്ന് മൂപ്പര്ക്ക് തോന്നി.

എന്നാലും ചിലന്തിക്കും കുഴിയാനയ്ക്കും പരമസുഖാണ്. ആ തോന്നൽ ഉറമ്പിൽ ബാക്കിയായി. ആനയോട് ചോദിക്കാം. മൂപ്പര് പറയട്ടെ. ഉറമ്പുചോദിച്ചു. ആന ചിരിച്ചു. ''ഓരോ ജീവിതത്തിനുമുണ്ട് ഓരോ രസം. ഓരോന്നിനുമുണ്ട് ചില പെടാപ്പാടുകളും''ആന കഥ പറഞ്ഞുതുടങ്ങി.

''പറയുമ്പോൾ എല്ലാരുടെ കഥേം പറയണല്ലോ... ഇത്തിരിമണ്ണ് കുഴീലോട്ട് വീണാൽ തീർന്നു കുഴിയാന ജീവിതം. വേട്ടക്കാരുടെ കുഞ്ഞുവെടിയുണ്ട മതി എന്റെ കഥ കഴിയാൻ. ഇത്തിരിപ്പോന്ന കുഴിയാനേം പെരുത്ത ശരീരമുള്ള ഞാനും തമ്മിൽ എന്തുവ്യത്യാസം? ഒരു ചില്ലിക്കമ്പ് വീണാൽ ദിവസങ്ങൾ പണിപ്പെട്ടുണ്ടാക്കിയ ചിലന്തിവലയുടെ പൊടിപോലും കാണില്ല. ചാരിക്കിടപ്പും ഊഞ്ഞാലാട്ടവുമൊക്കെ അതോടെ അവസാനിക്കും.'' ആന മരക്കൊമ്പിലെ തേനീച്ചകൂടിൽ നിന്ന് ഒരു തേനടയെടുത്ത് ഉറുമ്പിന് വെച്ചുനീട്ടി.

''പണ്ട് മനുഷ്യര് ഒരു കഥ പ്രചരിപ്പിച്ചിരുന്നു പോലും. തുമ്പിക്കയ്യിലോട്ട് ഒരു ഉറുമ്പുകയറിയാൽ ആനയുടെ കഥ കഴിയൂന്ന്. ഇല്ലാക്കഥയാണ്. ഇല്ലാക്കഥകൾ ഒരു മനുഷ്യത്വവും ഇല്ലാതെ അവര് പ്രചരിപ്പിച്ചുകളയും. എത്ര ചെറുതാണെങ്കിലും മൂക്കിലും കണ്ണേലോട്ടും എന്തേലും പോയാൽ നമ്മള് കുഴയില്ലേ. അത്രേയുള്ളൂ കാര്യം'' തേനട തുമ്പിക്കൈകൊണ്ട് വായിലോട്ടുവെച്ചു ആനച്ചേട്ടായി. ഇലത്തുമ്പിലേക്ക് ഇറ്റിവീണ ഒരു തുള്ളി നൊട്ടിനുണഞ്ഞ് ഹാപ്പിയായി ചട്ടമ്പിയുറുമ്പ്.

# മഞ്ചാടിക്കുന്ന്

**സുരേന്ദ്രൻ കാടങ്കോട്**

മഞ്ചാടിക്കുന്നിലഞ്ച്
പഞ്ചവർണ്ണക്കിളിക്കുഞ്ഞ്
തഞ്ചത്തിൽ പാടുന്നു
ചിഞ്ചിലം ചില ചിലം!
മഞ്ചാടിക്കുന്നില്
മഞ്ചാടി തളിർത്തല്ലോ
മഞ്ചാടിമണിയാലേ
മൊഞ്ചായി കുന്നാകെ!
മഞ്ചാടിക്കുന്നെന്നാൽ
പിഞ്ചുമനമാണ് കനവാണ്
നഞ്ചില്ലാതിടമല്ലേ
പഞ്ചാരപ്പുഴയല്ലേ!



വര: സുജയ് സുധാകരൻ



വര: സുജിത്ത് വാസുദേവൻ



# കാഴ്ച

മഞ്ജു പി. എൻ

ചുവപ്പുവാലൻ മഞ്ഞപ്പട്ടം
ശരിക്കു കണ്ടത്രേ!
പൊഴിയും പൂവിന്നിതളുകൾ ചേർന്നൊരു
മഴവില്ലാകുന്നു
പൂമ്പാറ്റത്തീവണ്ടിയിലേറി
മാനത്തെത്തുന്നു.

ഗോത്ര വിഭാഗത്തിലെ പെൺകുട്ടികൾക്ക് വേണ്ടി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും വനിതാസമഖ്യയും ചേർന്ന് നടത്തിയ രചനാക്യാമ്പിൽ പങ്കെടുത്ത അർച്ചന എം എഴുതിയ കവിത.

# തുമ്പി

പാറി രസിക്കുന്ന തുമ്പി
പാടിക്കളിക്കുന്ന തുമ്പി
ഓടി മറയുന്ന തുമ്പി
ആടിക്കുണുങ്ങുന്ന തുമ്പി
പമ്പരം പോലെന്റെ തുമ്പി
മുട്ടിരസിക്കുന്ന തുമ്പി
പൂക്കളെ മുത്തുന്ന തുമ്പി
പൂങ്കാറ്റു പോലെന്റെ തുമ്പി.

**അർച്ചന എം**
ക്ലാസ് 7
ജി യു പി എസ് കോട്ടത്തറ
പാലക്കാട്





വര: സചീന്ദ്രൻ കാറഡുക്ക

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.



# വര

**ഭാഗ്യ കെ എസ്**
ക്ലാസ് 1
ചിന്മയ വിദ്യാലയ,
ആറ്റുകാൽ



# വര



**തേജസ്വിനി എസ്**
ക്ലാസ് 7
നിർമലഭവൻ എച്ച് എസ് എസ്
കവടിയാർ, തിരുവനന്തപുരം

# ഭ്രാന്തിയുടെ പൂവ്

എന്നെയാകർഷിച്ച കുഞ്ഞു പൂവേ...
നിന്നെ ഭ്രാന്തിയെന്നാദ്യം പറഞ്ഞതാര്?
നിന്നഴകു കണ്ടിട്ടസൂയ തോന്നീട്ടോ...
മാരുതനിൽ നിൻ നൃത്തം കണ്ടിട്ടോ...
എന്തിനാണി നിഷ്ക്കളങ്ക പുഷ്പ്പത്തിനെ
ഭ്രാന്തിയെന്നോതിയതെന്തിനാവോ?
നീ വല്ല തെറ്റുകൾ ചെയ്തിട്ടാണോ?
അതോ നീ എന്തേലും  കട്ടെടുത്തിട്ടാണോ?
ഈ കുഞ്ഞു പുഷ്പ്പത്തെ
തലയിൽ ചൂടുന്നവർ
ഭ്രാന്തിയെന്നോതി കളിയാക്കീടും...
ഭഗവാന് നിന്നെ സമർപ്പിക്കുമെങ്കിലും,
മുൻഗണന ഭ്രാന്തിന്ന് ചൂടുന്ന പൂവ്...
ഇങ്ങനെ ഓതുന്ന മാനുഷ്യർക്കാണോ
ഭ്രാന്തെന്ന് സംശയമുണ്ടെനിക്ക്...
എന്നെ ആകർഷിച്ച കുഞ്ഞു പൂവേ...

**ദേവിക. ജെ**
ക്ലാസ്സ് 8
ജി ജി എച്ച് എസ് എസ്
മലയിൻകീഴ്



വര: സചീന്ദ്രൻ കാറഡ്ക്ക

# ദൈവത്തിന്റെ സഹായഹസ്തം

**കീർത്തന എം**
ക്ലാസ് 7
ക്രൈസ്റ്റ് നഗർ എച്ച് എസ് എസ്,
(ഐ സി എസ് ഇ)
തിരുവനന്തപുരം

പതിനഞ്ചു വർഷങ്ങൾക്കു മുമ്പ് നടന്ന ഒരു സംഭവമാണ്. ഈറോഡ് റെയിൽവേ സ്റ്റേഷൻ, രാത്രി പന്ത്രണ്ടു മണി. നേരത്തെ വന്ന അനൗൺസ്മെന്റ് അനുസരിച്ച് രണ്ടാം പ്ലാറ്റ്ഫോമിൽ മൈസൂർ പോകാനുള്ള മയിലാടുംദുരൈ എക്സ്പ്രസ് കാത്തു നിൽക്കുകയാണ് മീനാക്ഷിയും അവളുടെ അച്ഛനും. ആ സമയത്ത് സ്റ്റേഷനിൽ ആകെ 4-5 പേരെ ഉണ്ടായിരുന്നുള്ളൂ.

വരേണ്ട സമയം ആയിട്ടും ട്രെയിനിന്റെ യാതൊരു വിവരവും ഇല്ലാത്തത് കൊണ്ട് ആശങ്കപ്പെട്ട് നിൽക്കുകയാണ് അവർ.

ഒന്നാം പ്ലാറ്റ്ഫോമിൽ നിൽക്കുന്ന ഒരു ട്രെയിൻ കണ്ടിട്ട് മീനാക്ഷിയുടെ അച്ഛൻ വെറുതെ പറഞ്ഞു. 'അതേത് ട്രെയിൻ ആണെന്ന് നോക്കൂ മോളെ...'മീനാക്ഷി ഇരുട്ടത്ത് സൂക്ഷിച്ചു നോക്കി ഈ ട്രെയിനിന്റെ പേരു വായിച്ചു... 'മയിലാടുംദുരൈ!'

എത്ര നേരം ട്രെയിൻ നിർത്തുമെന്ന് അറിയില്ല, ഫൂട്ട് ഓവർബ്രിഡ്ജിലൂടെ കയറി ഇറങ്ങി പ്ലാറ്റ്ഫോം മാറാനുള്ള സമയമില്ലെന്ന് തോന്നിയ മീനാക്ഷിയുടെ അച്ഛൻ, വേഗം പ്ലാറ്റ്ഫോമിൽ നിന്ന് ചാടി ഇറങ്ങി പ്ലാറ്റ്ഫോം ഒന്നിനു നേരെ ഓടി. മീനാക്ഷിയും പിറകെ ഓടി. അച്ഛൻ മറ്റേ പ്ലാറ്റ്ഫോമിലേക്ക് കയറി ട്രെയിനിന്റെ അടുത്തെത്തിയെങ്കിലും മീനാക്ഷിക്ക് ട്രാക്കിൽ നിന്ന് പ്ലാറ്റ്ഫോമിലേക്ക് കയറാൻ ബുദ്ധിമുട്ടായിരുന്നു... അന്നേരം ട്രെയിൻ പുറപ്പെടാനുള്ള ചൂളം കേട്ടു. ട്രെയിനിനുള്ളിൽ കയറിയ മീനാക്ഷിയുടെ അച്ഛൻ, അവൾ പിറകെ ഇല്ലെന്നുള്ളത് ശ്രദ്ധിച്ചതും ഇല്ല.

'ഞാനിനി എങ്ങനെ ട്രെയിനിൽ കയറും?' എന്ന് ആവലാതിപ്പെട്ടിരിക്കുന്ന മീനാക്ഷിയുടെ മുമ്പിൽ ഒരാൾ വന്നു നിന്നു, പിടിച്ചു കയറ്റനായി കൈ നീട്ടി. സഹായം സ്വീകരിക്കണോ എന്ന് മീനാക്ഷി സംശയിച്ചു നിന്ന നിമിഷം ട്രെയിൻ ഒന്നു കൂടെ ചൂളമടിച്ചു. മീനാക്ഷി ഉടനെ അദ്ദേഹത്തിന്റെ കൈ പിടിച്ചു പ്ലാറ്റ്ഫോമിൽക്കയറി. ഓടി ട്രെയിനിൽ കയറവേ അയാളെ നന്ദിപൂർവ്വം തിരിഞ്ഞു നോക്കിയ മീനാക്ഷി പ്ലാറ്റ്ഫോമിൽ ആരെയും കണ്ടില്ല. അവൾ ട്രെയിനിനുള്ളിൽ കയറിയതും ട്രെയിൻ മുമ്പോട്ടു നീങ്ങാൻ തുടങ്ങി.

ബെർത്തിൽ എത്തി അച്ഛനോട് ഈ സംഭവം പറഞ്ഞിട്ട് മീനാക്ഷി ചോദിച്ചു, ''എന്നെ സഹായിക്കാൻ ആ സമയത്ത് കൃത്യമായ് ഒരാൾ എങ്ങനെ അവിടെ വന്നു? ഒരു സെക്കന്റ് കൂടെ വൈകിയിരുന്നെങ്കിൽ...''

''ഈശ്വരന്റെ ഒരു സഹായ ഹസ്തം...'' മീനാക്ഷിയുടെ അച്ഛൻ പറഞ്ഞു.



ഒക്ടോബർ
2025

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വാ

## തളിര് സ്കോളർഷിപ്പ് 2025 രജിസ്ട്രേഷൻ ഫോം വിവിധ സ്കൂള








THALIRU
October 2025, Volume 32, Issue No. 10, 48 Pages
Printed and Published by Palliyara Sreedharan on behalf of Kerala State Institute of Children's Literature, Thiruvananthapuram. Printed at St. Joseph's Press, Thiruvananthapuram, Kerala and Published at Kerala State Institute of Children's Literature, Sanskrit College campus, Palayam, Thiruvananthapuram -34
Editor: Palliyara Sreedharan

# ർത്തകൾ

**ുകളിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധികൾ സ്വീകരിക്കുന്നു.**













●കെ ടി സി ടി ഇ എം ആർ ഹൈസ്കൂൾ, ●എം ജി എം സെൻട്രൽ പബ്ലിക് സ്കൂൾ, ആക്കുളം ●മാർ ഗ്രീഗോറിയസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, പ്രാവച്ചമ്പലം, നേമം ●ചിന്താലയ വിദ്യാലയ, കള്ളിക്കാട്, തിരുവനന്തപുരം ●വൃന്ദാവൻ ഹൈസ്കൂൾ വ്ളാത്താങ്കര ●ശ്രീധർമ്മശാസ്താ പബ്ലിക് സ്കൂൾ പെരുങ്കടവിള ●ഫോർട്ട്ഗേൾസ് മിഷൻ സ്കൂൾ തിരുവനന്തപുരം ●ശ്രീ വിദ്യാധിരാജ വിദ്യാമന്ദിർ എച്ച് എസ് വെള്ളയമ്പലം ●ജി എച്ച് എസ് എസ് തോന്നയ്ക്കൽ, തിരുവനന്തപുരം ●ബി എസ് എസ് ഗുരുകുലം ഹയർസെക്കന്ററി സ്കൂൾ, ആലത്തൂർ, പാലക്കാട്●ലിറ്റിൽ ഏഞ്ചൽസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ചിറ്റാർ, പത്തനംതിട്ട

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2024-26
RNI No. 20076/1970 October 2025
Regd KL/TV (N)/399/2024-2026 Published on 01-10-2025 Vol:32, Issue: 10, ₹25

## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

(കേരള സർക്കാർ സാംസ്കാരിക വകുപ്പ്)

# തളിര് സ്കോളർഷിപ്പ് 2025

**യു. പി, ഹൈസ്കൂൾവിഭാഗങ്ങളിലായി ഓരോ ജില്ലയിലും ചുരുങ്ങിയത് 100 പേർക്ക് സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.**

ഇരു വിഭാഗത്തിലും ആദ്യ മൂന്നു റാങ്കുകാർക്ക് **10000, 5000, 3000** രൂപ എന്നിങ്ങനെ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും. **100** കുട്ടികൾ തളിര് സ്കോളർഷിപ്പിനു ചേരുന്ന സ്കൂളുകൾക്ക് **1000** രൂപയുടെ പുസ്തകങ്ങൾ സൗജന്യം.

തളിരിന്റെ വാർഷികവരിസംഖ്യയായ **250 രൂപ** അടച്ച് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാം. **2026 ജനുവരി** മുതൽ **ഡിസംബർ** വരെയുള്ള തളിര് തപാലിൽ ലഭ്യമാവും.

**രജിസ്റ്റർ ചെയ്യാൻ**

**ഒക്ടോബർ 20 വരെ അപേക്ഷിക്കാം**

SCAN ME!

https://scholarship.ksicl.kerala.gov.in



കൂടുതൽ വിവരങ്ങൾക്ക് 8547971483 എന്ന നമ്പറിലോ scholarship@ksicl.org എന്ന ഇമെയിലിലോ ബന്ധപ്പെടാവുന്നതാണ്